I ഇ.ബി. XII-കേരള നിയമസഭ /IV-12

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 മാർച്ച് 19, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)
(*272-ാം നമ്പർ ചോദ്യം സഭയിൽ എടുക്കാത്തതിൽ പ്രതിഷേധിച്ച് സഭയിൽനിന്നും ഇറങ്ങിപ്പോയ പ്രതിപക്ഷാംഗങ്ങൾ 9.30-ന് സഭയിൽ വീണ്ടും ഹാജരായി.)

## ശ്രദ്ധക്ഷണിക്കൽ

(1) ഓണാട്ടുകര വികസന ഏജൻസിയുടെ മൂന്നാംഘട്ട പദ്ധതി മരവിപ്പിച്ചതുമൂലമുണ്ടായിട്ടുള്ള കാർഷിക പ്രതിസന്ധി

ശ്രീ. കെ. കെ. ഷാജു : കുട്ടനാട്ടിലെ വിയ്യപുരം മുതൽ ഹരിപ്പാട്, കായംകുളം, മാവേലിക്കര, പന്തളം, കരുനാഗപ്പള്ളി, കുന്നത്തൂർ, ചവറ എന്നീ മണ്ഡലങ്ങളിലായി വ്യാപിച്ച് കിടക്കുന്ന ഓണാട്ടുകര കാർഷിക മേഖലയിൽ പഴം-പച്ചക്കറി കൃഷി, വിപുലമായ പാടശേഖരങ്ങൾ, പുഞ്ചകൾ, ഒരുപ്പൂ-ഇരുപ്പൂ നിലങ്ങൾ എന്നിവയുമുണ്ട്. ഡീവാട്ടറിംഗ് കാരണം ഈ പ്രദേശത്തെ കർഷകർ നേരിടുന്ന പ്രശ്നത്തിന് ലിഫ്റ്റ് ഇറിഗേഷനെയാണ് ആശ്രയിക്കുന്നത്. വളരെ പഴക്കമുള്ള കനാലുകളും മറ്റും പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നതു

കാരണം ആറ്റിൽനിന്നും മറ്റ് ജലസ്രോതസ്സുകളിൽനിന്നും പമ്പ്ചെയ്താലും കിലോമീറ്ററോളം അകലമുള്ള ഈ പാടശേഖരങ്ങളിൽ വെള്ളം എത്തുന്നില്ല. അപ്രതീക്ഷിതമായുണ്ടാകുന്ന വെള്ളപ്പൊക്കവും പേമാരിയും കാരണം കൃഷിയിറക്കാൻ കർഷകർ ഭയപ്പെടുന്നു. വലിയ മലകളിൽനിന്നും മറ്റും ഒഴുകിവരുന്ന വെള്ളം കാരണം പുഞ്ചക്കൃഷി നശിക്കുന്നത് തടയുന്നതിനായി ഡിവൈഡിംഗ് ബണ്ടുകൾ, റഗുലേറ്ററുകൾ, വെള്ളം നന്നായി ഒഴുകിപ്പോകാൻ കനാലുകൾ എന്നിവയുണ്ടാക്കണം. അതിനായി ഓണാട്ടുകരയിലെ ഏഴ് മണ്ഡലങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കെ.എൽ.ഡി.സി.യുടെ നേതൃത്വത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഒരു പദ്ധതി കൊണ്ടുവരണം. വിയ്യപുരം, ഹരിപ്പാട്, മാവേലിക്കര തുടങ്ങിയ പ്രദേശങ്ങളുടെ ഒന്നും രണ്ടും ഘട്ടം നബാർഡ് പൂർത്തിയാക്കി. മൂന്നാം ഘട്ടമായ പന്തളം മണ്ഡലമുൾപ്പെടുന്ന കായംകുളം, കുന്നത്തൂർ. ചവറ, കരുനാഗപ്പള്ളി പ്രദേശങ്ങൾ ഉൾപ്പെടുന്ന, 16 കോടി രൂപയുടെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ 10 മാസമായി മുടങ്ങിക്കിടക്കുകയാണ്. ഇപ്പോൾ ഓണാട്ടുകരയ്ക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള സമിതിയുടെ നേതൃത്വത്തിൽ നിലവിലുള്ള പ്രൊപ്പോസലുകളെല്ലാം മാറ്റി പുതിയ പ്രൊപ്പോസലുണ്ടാക്കാൻ ശ്രമിക്കുകയാണ്. 1996-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിലിരുന്നപ്പോൾ ആവിഷ്ക്കരിച്ച, നബാർഡ് അംഗീകരിച്ച പദ്ധതിയിൽ മാറ്റം വരുത്തിയാൽ വർഷങ്ങൾ കഴിഞ്ഞുമാത്രമേ ആവർക്ക് പൂർത്തിയാക്കാനാകൂ എന്നതിനാൽ യു.ഡി.എഫ്. ഗവൺമെന്റ് അതിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഈ മൂന്ന് സ്കീമുകളും നബാർഡ് അംഗീകരിച്ച് ധനകാര്യ വകുപ്പിന്റെ സാംഗ്ഷൻ കിട്ടിയതാണ്.

1996-ൽ പാസ്സാക്കിയ പദ്ധതിയിൽ വയബിളില്ലാത്ത ഏതെങ്കിലുമുണ്ടെങ്കിൽ അത് മാറ്റി പുതിയതുണ്ടാക്കണം. നേരത്തേ പാസ്സാക്കിയിട്ടുള്ള, നബാർഡ് അംഗീകരിച്ചിട്ടുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) ഓണാട്ടുകര വികസന ഏജൻസി എന്നത് എഴുപതിനായിരത്തിലധികം ഹെക്ടർ സ്ഥലമുള്ള കേരളത്തിലെ വളരെ വിപുലമായ മേഖലയാണ്. ആ മേഖലയുമായി ബന്ധപ്പെട്ട് കുട്ടനാടിന് വേണ്ടിയുള്ള വികസന പദ്ധതി രൂപീകരിക്കാൻ ഡോ. സ്വാമിനാഥന്റെ നേതൃത്വത്തിലുള്ള സംഘത്തിന്റെ അഭ്യർത്ഥനപ്രകാരം ആലപ്പുഴ പദ്ധതിയിൽ ഓണാട്ടുകരയെക്കൂടി ഉൾപ്പെടുത്തുകയുണ്ടായി. ആ പ്രോജക്ട് വന്നാൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാവുന്നതാണ്. നബാർഡ് തയ്യാറാക്കിയ പദ്ധതി നിർത്തി വച്ചതല്ല, ഓണാട്ടുകരയുടെ സമഗ്ര വികസന പദ്ധതിയുടെ ഒന്നാം ഘട്ടം 29-07-2000-ത്തിലും രണ്ടാം ഘട്ടം 24-12-2000-ത്തിലും അംഗീകരിച്ചതാണ്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന വിയ്യപുരം-ചെറുതന പഞ്ചായത്തുകളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും രണ്ടാം ഘട്ടത്തിൽ ഹരിപ്പാട്, ചെന്നിത്തല, ചേപ്പാട്, പത്തിയൂർ, ചെട്ടികുളങ്ങര, മാവേലിക്കര, തഴക്കര എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികൾ നടന്നുവരികയുമാണ്. ഒന്നാം ഘട്ട പദ്ധതിയുടെ പൂർത്തീകരണത്തിന് 1098.95 ലക്ഷം രൂപയും രണ്ടാം ഘട്ട പദ്ധതിക്കായി ഇതുവരെ 669.73 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഓണാട്ടുകര വികസന പദ്ധതിയുടെ മൂന്നാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ആദ്യ ആലോചനാ യോഗം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചേരുകയും ആ യോഗം

ചുമതലപ്പെടുത്തിയ വിദഗ്ദ്ധ സമിതി 31-01-2007-ൽ കൃഷി വകുപ്പുമന്ത്രി യുടെ ചേമ്പറിൽ യോഗം ചേരുകയും ഓണാട്ടുകരയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആ മേഖലയിലെ എല്ലാ പഞ്ചായത്തുകളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു പദ്ധതി തയ്യാറാക്കാൻ തീരുമാനമെടുക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. മൂന്നാംഘട്ട പ്രവൃത്തി സംബന്ധി ച്ചുള്ള നിർദ്ദേശം ചർച്ച ചെയ്യാൻ ആ മേഖലകളിലെ ജനപ്രതിനിധികളുടെയും കർഷക സംഘടനകളുടെയും യോഗം വിളിച്ച് ചേർക്കുന്നതും മൂന്നാംഘട്ട പദ്ധതിയുടെ സമഗ്ര വികസനത്തിനുള്ള റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതും വികസനപ്രവൃത്തികൾക്ക് തടസ്സം നേരിടാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതുമാണ്.

(2) <u>ഖരമാലിന്യം മൂലമുണ്ടായിട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങൾ</u>

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള:</u> ഗുജറാത്തിലെ സൂറത്തിൽ പ്ളേഗ് ബാധിച്ച് ധാരാളം ആളുകൾ മരിച്ചപ്പോൾ ചരുങ്ങിയ കാലം കൊണ്ട് അവിടം ഖരമാലിന്യമില്ലാത്ത നഗരമാക്കി മാറ്റാൻ സാധിച്ചു. കേരളത്തെ മാലിന്യം ഇല്ലാത്ത നാടാക്കി മാറ്റാൻ സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ആവുന്നത്ര ശ്രമിച്ചിട്ടും കഴിഞ്ഞിട്ടില്ല. ലോകത്തിന്റെ ഭൂപടത്തിൽ ഉയർന്ന സ്ഥാനത്തുനിൽക്കുന്ന കേരള സംസ്ഥാനം വിനോദസഞ്ചാര മേഖലയിലും വിവര സാങ്കേതിക രംഗത്തും കൈവരിച്ച നേട്ടങ്ങൾ നിലനിൽക്കണമെങ്കിൽ ശുചിത്വമുള്ള ചുറ്റുപാടുണ്ടാകണം. ശുചിത്വത്തിനായി വളരെ കുറച്ചു തുക ചെലവഴിച്ചാൽ മതിയെങ്കിൽ ശുചിത്വമില്ലായ്മ ഉണ്ടാക്കുന്ന ഭവിഷ്യത്തുകൾ പരിഹരിക്കാൻ ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്നു. വിവിധ

വകുപ്പുകൾക്കായി ഒട്ടേറെ ഫണ്ടുകൾ ബഡ്ജറ്റ് അലോക്കേഷനിലൂടെ ലഭ്യമാക്കുന്നുണ്ടെങ്കിലും ഈ പ്രശ്നപരിഹാരത്തിന് ശാശ്വതമായ, ആത്മാർത്ഥമായ ശ്രമങ്ങൾ നടക്കുന്നില്ല ഓരോ കാലഘട്ടത്തിലും പകർച്ച വ്യാധി ബാധിക്കുമ്പോൾ കോടിക്കണക്കിന് രൂപ ചെലവഴിക്കേണ്ടിവരുന്നു. ആശുപത്രികളിൽനിന്ന് മാലിന്യങ്ങൾ പുറത്തേയ്ക്ക് വലിച്ചെറിയുന്നതും വ്യവസായശാലകളിൽനിന്ന് നദികളിലേയ്ക്ക് മലിനജലം ഒഴുക്കുന്നതുമെല്ലാം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുകയും മാരക രോഗങ്ങൾ പടരുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി മാറി അത്യാവശ്യം ചെയ്തുതീർക്കേണ്ട കാര്യങ്ങൾ ചെയ്തുതീർക്കണം. ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയെല്ലാം ചേർന്ന് ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി കൊണ്ടുവരണം. വെർമി കമ്പോസ്റ്റിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി സ്ക്കൂളുകളിലും കോളേജുകളിലും നടത്തണം. സ്കൂളുകളും കോളേജുകളും പ്ളാസ്റ്റിക് നിരോധിത മേഖലയാക്കി മാറ്റാൻ പ്രിൻസിപ്പൽമാർക്ക് വേണ്ട നിർദ്ദേശം നൽകണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വളരെയധികം ജനസാന്ദ്രതയുള്ള സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖര-ദ്രവ മാലിന്യങ്ങളുടെ ആനുപാതികമായ അളവ് ഭൂമിയുടെ carrying capacity-യേക്കാൾ വളരെ ഉയർന്ന തോതിലാണ്. ഇത് ജലം, ഭൂമി, വായു, പരിസരം എന്നിവയുടെ മലിനീകരണത്തിന് ആക്കം

കൂട്ടാനും രോഗങ്ങൾ പടർന്നുപിടിക്കാനും ഇടയാക്കുന്നു. ഇതിൽ നിന്നും ഉണ്ടാകുന്ന ആരോഗ്യ–പരിസ്ഥിതി പ്രശ്നങ്ങൾ ഭാരതത്തിലെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതലാണ്. ആരോഗ്യ പരിപാലന മേഖലകളിൽ നഗരസഭകൾ കാര്യക്ഷമമായി പ്രവർത്തിക്കണം. ഇത് നടപ്പിലാക്കുന്നതിനാണ് 2000-ത്തിൽ ഖരമാലിന്യ പരിപാലനവും കൈകാര്യം ചെയ്യലും നിയമത്തില ധിഷ്ഠിതമാക്കി 'ക്ളീൻ കേരള വിഷൻ പദ്ധതി' നടപ്പിലാക്കിയത്. മഴയും ഈർപ്പവും കൂടുതലുള്ള സംസ്ഥാനമായതിനാൽ ഇവിടെ മാലിന്യത്തിന്റെ അളവ് കൂടുതലാണ്. പ്രതിദിനം 50 മെട്രിക് ടൺ വരെ മാലിന്യമുണ്ടാക്കുന്ന ടൗണുകളിൽ വെർമി കമ്പോസ്റ്റിങ്ങും 51 മുതൽ 500 മെട്രിക് ടൺ വരെ മാലിന്യമുണ്ടാക്കുന്ന ടൗണുകളിൽ വെർമി കമ്പോസ്റ്റിങ്ങും മെക്കാനിക്കൽ കമ്പോസ്റ്റിങ്ങും സംയോജിതമായും 500 മെട്രിക് ടണ്ണിനുമുകളിലുള്ള മേഖലകളിൽ മെക്കാനിക്കൽ കമ്പോസ്റ്റിംഗും മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉണ്ടാക്കാവുന്ന സങ്കേതങ്ങളുമാണ് അനുയോജ്യം. വർദ്ധിച്ച നഗര വൽക്കരണം ഉണ്ടായിട്ടുള്ള സ്ഥലങ്ങളിൽ 1.15 ലക്ഷം മെട്രിക് ടൺ മാലിന്യമുണ്ടാകുന്നുണ്ട്. കേന്ദ്ര പരിസ്ഥിതി–വന മന്ത്രാലയം 2000–ാം ആണ്ടിൽ പുറപ്പെടുവിച്ച ഖരമാലിന്യ പരിപാലനവും കൈകാര്യം ചെയ്യലും റൂൾ അനുസരിച്ച് ഓരോ തദ്ദേശ ഭരണ പ്രദേശത്തും ഖരമാലിന്യങ്ങൾ ഉറവിടത്തിൽ വച്ചുതന്നെ ജൈവ–ജൈവേതര മാലിന്യങ്ങൾ എന്ന രീതിയിൽ വേർതിരിച്ച് പരിസര മലിനീകരണത്തിന് ഇടയാകാത്ത വിധം സംസ്ക്കരണ പ്ളാന്റുകളിലെത്തിച്ച് സംസ്ക്കരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. മാലിന്യ സംസ്ക്കരണത്തെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ വ്യാപകമായ ബോധവൽക്ക

രണം നടത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ മാധ്യമങ്ങൾ മാതൃകാപരമായ പ്രവർത്തനം നടത്തുന്നുണ്ട്. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള 'ക്ളീൻ കേരള വിഷനും' 'സമ്പൂർണ്ണ ശുചിത്വ മിഷനും' സംയുക്തമായി ഒരു ബോധവൽക്കരണ പരിപാടിക്കും ദൂരദർശനുമായി സഹകരിച്ചുകൊണ്ട് അതിവിപുലമായ ബോധവൽക്കരണ പരിപാടിക്കും രൂപം നൽകുന്നുണ്ട്. ഖരമാലിന്യ സംസ്ക്കരണത്തിന് തടസ്സമായി നിൽക്കുന്നത് സ്ഥലത്തിന്റെ അഭാവമാണ്. ഈ വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും ഖരമാലിന്യ സംസ്കരണ പ്ളാന്റുകൾക്കും അനുബന്ധ കാര്യങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സ്ഥലം കണ്ടെത്തി നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്രോതസ്സിൽ വച്ചുതന്നെ ജൈവവും അജൈവവുമായിട്ടുള്ള മാലിന്യങ്ങൾ തരംതിരിച്ച് സംസ്ക്കരിക്കുന്നതുവഴി മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്ന പ്രവണത കുറഞ്ഞുവരുന്നുണ്ട്. ഇത് എല്ലാ നഗരസഭകളിലും നടപ്പിലാക്കണ മെന്നും ഇക്കാര്യത്തിൽ നഗരസഭകൾ സ്വീകരിക്കുന്ന നടപടികൾ ഓരോ രണ്ടാഴ്ച കൂടുമ്പോഴും സർക്കാരിനെ അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വരുന്ന പഞ്ചവൽസര പദ്ധതിക്ക് രൂപം നൽകുമ്പോൾ ശുചിത്വ പരിപാടിക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട്, അതിനാവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽത്തന്നെ നൽകുന്നതാണ്.

## സബ്മിഷൻ

(1) <u>പാൽക്ഷാമം</u>

ശ്രീ. കെ.സി. വേണുഗോപാൽ: സാധാരണക്കാരുടെ ജീവിതത്തിലെ അവിഭാജ്യഘടകവും പോഷാകാഹാരങ്ങളുടെ കൂട്ടത്തിൽ പ്രഥമ ഗണനീയവുമായ പാലിന്റെ രൂക്ഷമായ ക്ഷാമം കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗുരുതരമായ പ്രശ്നമാണ്. ക്ഷീര കർഷകർ പ്രതിസന്ധിയിലാണ്. ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് പാൽക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പാൽ ഉൽപ്പാദനരംഗത്ത് കേരളത്തിന് ഇപ്പോഴും സ്വയംപര്യാപ്തത നേടാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് വേനൽക്കാല മാവുമ്പോൾ പാലിന്റെ ലഭ്യതയിൽ കുറവ് വരുന്നത് സാധാരണമാണ്. ഇത് പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടുന്നതിന്റെ മുന്നോടിയായി പശുഗ്രാമം പദ്ധതിയും വിദർഭാ മോഡൽ പദ്ധതിയും നടപ്പിലാക്കിക്കഴിഞ്ഞു. താൽക്കാലികമായുണ്ടായ ക്ഷാമം രണ്ട് ദിവസത്തിനുള്ളിൽ പരിഹരിക്ക പ്പെടുന്നതാണ്.

(2) മാരിടൈം (സമുദ്രയാന) സർവ്വകലാശാലയുടെ കാമ്പസ് കേരളത്തിൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

പ്രൊഫ. കെ.വി. തോമസ്: മാരിടൈം സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുന്ന ഇന്നത്തെ സാഹചര്യത്തിൽ അതിന്റെ ഒരു കാമ്പസ് കേരളത്തിൽ ആരംഭിക്കുന്നതിന് മുഖ്യമന്ത്രി വ്യക്തിപരമായ താൽപ്പര്യമെടുത്ത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ മുൻകൈ എടുക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് വിഭിന്നമായി കേരളത്തിന് ഒരു മാരിടൈം ചരിത്രമുണ്ട്. പുരാതനകാലം മുതൽ സമുദ്രയാനത്തിനും സമുദ്രവുമായി ബന്ധപ്പെട്ട മറ്റ് മേഖലകളിലും കേരളത്തിന്റേതുമാത്രമായ നിരവധി സംഭാവനകൾ ഉണ്ട്. കേരളത്തിന് സമുദ്രയാന മേഖലയിലുള്ള പ്രത്യേക സവിശേഷതകൾ കണക്കിലെടുത്തുകൊണ്ട് മാരിടൈം സർവ്വകലാ ശാലയുടെ ഒരു വിദൂരകാമ്പസ് കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ ഗവൺമെന്റ് പരിശോധിക്കുകയും 13-2-2007-ന് തുറമുഖ വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുകൂട്ടുകയും ഈ വിഷയം കേന്ദ്രഗവൺമെന്റിന്റെ സജീവ പരിഗണനയിൽപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

### (3) അബ്ദുൾ നാസർ മ്അദനിക്ക് പരോളും ചികിൽസയും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.ടി ജലീൽ: കോയമ്പത്തൂർ സ്ഫോടനക്കേസുമായി ബന്ധപ്പെട്ട് 9 വർഷമായി കോയമ്പത്തൂർ സെൻട്രൽ ജയിലിൽ കഴിയുന്ന ശ്രീ. അബ്ദുൾ നാസർ മ്അദനിക്ക് ആയുർവേദ ചികിൽസ ലഭ്യമാക്കുന്ന തിനും പരോൾ അനുവദിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. പ്രസ്തുത കേസുമായി ബന്ധപ്പെട്ട മറ്റെല്ലാവർക്കും പരോൾ അനുവ ദിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ശ്രീ. അബ്ദുൾ നാസർ മ്അദനി ജയിൽ മോചിതനായാൽ ക്രമസമാധാന നില വഷളാകു മെന്നുള്ള പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് സർക്കാർ പരോൾ നിഷേധിച്ച സ്ഥിതിക്ക് കേരള നിയമസഭയുടെ പൊതുവികാരം

കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് പിൻവലിക്കുന്നതിനും അദ്ദേഹത്തെ മോചിപ്പിക്കുന്നതിനും കേരള സർക്കാർ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 9 വർഷമായി വിചാരണ ത്തടവുകാരനായി കോയമ്പത്തൂർ സെൻട്രൽ ജയിലിൽ കഴിയുന്ന ശ്രീ. അബ്ദുൾ നാസർ മ്അദനിയുടെ ആരോഗ്യനില മോശമാണെന്നും വിദഗ്ദ്ധ ചികിൽസയും പരോളും . ലഭ്യമാക്കണമെന്നുമുള്ള ആവശ്യത്തി ന്മേൽ ഈ സർക്കാർ അധികാരത്തിൽ വന്ന ആദ്യഘട്ടത്തിൽത്തന്നെ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേരള നിയമസഭ ഒരു പ്രമേയം പാസ്സാക്കി മ്അദനിയോട് മനുഷ്യത്വപരമായ ഇടപെടൽ നടത്തണ മെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നുവെന്നും അദ്ദേഹത്തിന് പരോൾ അനുവദിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. ശ്രീ. മ്അദനി യുടെ പിതാവും ഭാര്യ സൂഫി മ്അദനിയും 31-05-2006-ൽ നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് മുഖ്യമന്ത്രിയെ നേരിൽകണ്ടു. ശ്രീ. അബ്ദുൾ നാസർ മ്അദനിക്ക് വിദഗ്ദ്ധ ചികിൽസയും പരോളും അനു വദിക്കുന്നതിന് നിയമപരമായ കാര്യങ്ങൾ പരിശോധിച്ച് സഹായകരമായ നിലപാട് സ്വീകരിക്കാമെന്ന് അദ്ദേഹം ഉറപ്പ് തന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാ നത്തിൽ വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കിയിരുന്നു.

(4) മാധ്യമ സിൻഡിക്കേറ്റിന്റെ പ്രവർത്തനം

ശ്രീ. കെ. ബാബു: 5-3-07-ൽ മുഖ്യമന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി സംസ്ഥാനത്ത് മാധ്യമ സിൻഡിക്കേറ്റുകൾ പ്രവർത്തിക്കു ന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അന്താരാഷ്ട്ര ബന്ധങ്ങളെ ബാധിക്കുന്ന രഹസ്യ സ്വഭാവമുള്ള കാര്യമാകയാൽ വെളിപ്പെടുത്തുന്നത് ഉചിതമല്ലെന്നും

അറിയിക്കുകയുണ്ടായി. മാധ്യമ സിൻഡിക്കേറ്റ് ആരാണെന്നും അവർ സി.ഐ.എ.യുടെ പണം പറ്റുന്നുണ്ടെങ്കിൽ അതാരാണെന്നും വെളിപ്പെടുത്തണം. സംസ്ഥാനത്തെ ജനങ്ങളുടേയും പത്രപ്രവർത്തകരുടേയും ആശങ്കയകറ്റി ഇക്കാര്യം കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി അന്വേഷണം നടത്തി ഉചിതമായ തീരുമാനമെടുക്കുന്നതിന് നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സംസ്ഥാനത്ത് മാധ്യമ സിൻഡിക്കേറ്റ് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന മറുപടിയാണ് നൽകിയത്. മാധ്യമ സിൻഡിക്കേറ്റെന്ന ആരോപണത്തെ ശരിവയ്ക്കുകയോ നിഷേധിക്കുകയോ ചെയ്തിട്ടില്ല. അതുപോലെ സി..ഐ.എ. സഹായത്തോടുകൂടി മാധ്യമ സിൻഡിക്കേറ്റുകൾ പ്രവർത്തിക്കുന്നതായി കരുതുന്നുണ്ടോ എന്ന ചോദ്യത്തിന് ഇന്റലിജൻസ് ഉൾപ്പെടെയുള്ള അധികാരികൾ നൽകിയ സി.ഐ.എ.യുടെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള രഹസ്യ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല എന്നാണ് മറുപടി നൽകിയത്. പത്രമാധ്യമ സ്വാതന്ത്ര്യത്തിനെതിരായ നീക്കമായി ഇതിനെ ദുർവ്യാഖ്യാനിക്കുന്നത് ഉചിതമല്ല. പത്ര മാധ്യമങ്ങളുടെ നീതിയുക്തമായ എല്ലാ പ്രവർത്തനങ്ങൾക്കും ഈ ഗവൺമെന്റ് ശക്തമായ പിന്തുണ തുടർന്നും നൽകുന്നതാണ്. ഇതു സംബന്ധിച്ച തെറ്റായ വ്യാഖ്യാനങ്ങൾ ആരേയും വഴിതെറ്റിക്കില്ലെന്നും ആശിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി):മാധ്യമങ്ങളെ സംശയത്തിന്റെ നിഴലിൽ നിർത്തുന്ന ഒരു മറുപടിയാണ് മുഖ്യമന്ത്രി ഇവിടെ നൽകിയത്. അന്താരാഷ്ട സ്വഭാവം ഉള്ളതുകൊണ്ട് കാര്യങ്ങൾ വെളിപ്പെടുത്തുന്നില്ല

എന്നുപറഞ്ഞാൽ എന്തൊക്കെയോ മറച്ചുവയ്ക്കാനുണ്ട് എന്നാണ്. പുറത്തുപറയാനാകാത്ത എന്തെങ്കിലും കാര്യം ഉണ്ടെങ്കിൽ വിവരം കേന്ദ്രത്തെ അറിയിക്കണം. ഇല്ലെങ്കിൽ ഈ മറുപടി പിൻവലിക്കണം.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: ഇതുസംബന്ധിച്ച് കിട്ടിയ വിവരങ്ങൾ സഭയിൽ നിന്ന് മറച്ചുവയ്ക്കാൻ ഉദ്ദേശിച്ചിട്ടില്ല. അതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ദൂരീകരിക്കത്തക്ക വിധത്തിൽ ഉണ്ടെങ്കിൽ അത് കേന്ദ്രഗവണ്മെന്റിനോട് ചോദിച്ച് ആ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമായി കാര്യങ്ങൾ മനസ്സിലാക്കി ചെയ്യുന്നതാണ്. യാതൊരു നിലയിലും പത്ര മാധ്യമ പ്രവർത്തകരെ സംശയത്തിന്റെ നിഴലിൽ നിറുത്താൻ ഈ ഗവണ്മെന്റ് ആഗ്രഹിക്കുന്നില്ല.

(5) കെൽടെക്കിന്റെ പ്രവർത്തനം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: കേരള ഹൈടെക് ഇൻഡസ്ട്രിയായ കെൽടെക്കിനെ പ്രതിരോധ വകുപ്പിനെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വർക്കല കഹാർ : സംസ്ഥാന ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള കെൽടെക് എന്ന പൊതുമേഖലാസ്ഥാപനത്തെ കേന്ദ്രഗവണ്മെന്റിനെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): 1992-ൽ സ്ഥാപിതമായ കെൽടെക് എന്ന കമ്പനിയിൽ 225 സ്ഥിരം ജീവനക്കാരും 50 കരാർ തൊഴിലാളികളുമാണുള്ളത്. ഈ കമ്പനി ആരംഭം മുതൽ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 150 കോടി രൂപയുടെ മൂലധനനിക്ഷേപമെങ്കിലും നടത്തിയില്ലെങ്കിൽ ഈ കമ്പനി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയില്ല.

1999-ൽ 42.48 കോടി രൂപയായിരുന്ന സഞ്ചിത നഷ്ടം ഒ.ടി.എസ്. അനുവദിച്ചതിനാൽ ഇപ്പോൾ 15.54 കോടി രൂപയായി കുറഞ്ഞു. അതിനുപുറമെ പന്ത്രണ്ടരക്കോടി രൂപയുടെയും നാലര കോടി രൂപ സെയിൽസ് ടാക്സ് ബാധ്യതയുമുണ്ട്. തൊഴിലാളികൾക്ക് ഇന്നുവരെ യാതൊരു ശമ്പളപരിഷ്ക്കരണവും നൽകാൻ സാധിച്ചിട്ടില്ല. ഐ.എസ്.ആർ.ഒ.യും പ്രതിരോധ വകുപ്പും നൽകുന്ന ഓർഡർ അനുസരിച്ചുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയാണ് ആ സ്ഥാപനം ചെയ്തുകൊണ്ടിരിക്കുന്നത്. തൊഴിലാളികളുടെ വൈദഗ്ദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഇത് നിലനിന്നുവരുന്നത്. ഈ സ്ഥാപനം ഏറ്റെടുക്കാമെന്ന് ഡി.ആർ.ഡി.ഒ (ഡിഫൻസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ) അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(6) <u>തലസ്ഥാന നഗരിയിലെ ശുദ്ധജലക്ഷാമം</u>

<u>ശ്രീ. വി. ശിവൻകുട്ടി</u>: തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കാലപ്പഴക്കംച്ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുകയും വരൾച്ചയെ നേരിടാൻ കൂടുതൽ ഫണ്ട് അനുവദിക്കുകയും ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യണം. സ്വകാര്യ കച്ചവടക്കാർ ടാങ്കറുകളിൽ വെള്ളം ശേഖരിച്ച് അമിത വിലയ്ക്കു വിൽക്കുന്നത് അവസാനിപ്പിക്കാൻ ശക്തമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ</u>): നഗരത്തിലെ ശുദ്ധജലവിതരണ രംഗത്തെ പ്രധാന പ്രശ്നം കാലപ്പഴക്കംച്ചെന്ന, ഗുണനിലവാരമില്ലാത്ത പൈപ്പുകൾ നിരന്തരമായി പൊട്ടുന്നതാണ്.

ദീർഘകാലാടിസ്ഥാനത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന ഗവണ്മെന്റ് ജെ.ബി.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടു കൂടിയുള്ള കുടിവെള്ള പദ്ധതി ആവിഷ്ക്കരിച്ചത്. ഈ മാസം 27-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സംസ്ഥാനതലത്തിലുള്ള ഇതിന്റെ നിർമ്മാണ പ്രക്രിയയുടെ ഉൽഘാടന കർമ്മം നിർവ്വഹിക്കുകയാണ്. വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.മാർ ചെയർമാൻമാരായിട്ടുള്ള സമിതികൾ ചേർന്ന് ജില്ലാകളക്ടർക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്പോൾ അനുവദിച്ച 5 കോടി രൂപ അത്യാവശ്യം കുടിവെള്ള വിതരണം നടത്തുന്നതിനുവേണ്ടിയുള്ള അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഹാൻഡ് പമ്പ് നിർമ്മിക്കുന്നതിനും കുഴൽക്കിണറുകൾ വൃത്തിയാക്കുന്നതിനും ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങൾക്കും വേണ്ടിയാണ്. പക്ഷേ അത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽത്തന്നെ എം.എൽ.എ.മാരടക്കമുള്ള ജനപ്രതിനിധികളുടെ യോഗം വിളിച്ചു ചേർത്ത് ഏതു വർക്കുകൾ മുൻഗണനാക്രമത്തിൽ വേണം എന്ന് തീരുമാനിച്ച് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുക്കുന്നതിന് ജില്ലാകളക്ടർക്ക് അനുവാദം നൽകിക്കൊണ്ടുള്ള പ്രത്യേക ഉത്തരവ് ഗവണ്മെന്റ് നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും ആദ്യം നൽകിയ ഉത്തരവനുസരിച്ച് ഇതിന്റെ മുഴുവൻ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും കൊടുക്കേണ്ടത് സംസ്ഥാന ഗവൺമെന്റ് ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള 5 കോടി രൂപയുടെ ഫണ്ടിന്റെ വിനിയോഗത്തിനുള്ള

ഭരണാനുമതി കൊടുക്കാനുള്ള നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്. ഏതെങ്കിലും ജില്ലയ്ക്ക് കിട്ടിയില്ലെങ്കിൽ അത് പരിശോധിക്കാവുന്നതാണ്. ടാങ്കറുകളിൽ വെള്ളം കൊണ്ടുപോയി വിൽക്കുന്നതിനുവേണ്ടി സ്വകാര്യ കമ്പനികൾ ബോധപൂർവ്വമായി തിരുവനന്തപുരം നഗരത്തിൽ ജലപ്രതിസന്ധി സൃഷ്ടിക്കുന്നു എന്നുള്ള റിപ്പോർട്ട് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിച്ച് കർക്കശമായ നടപടികൾ സ്വീകരിക്കാൻ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : അടിയന്തിര വരൾച്ച നേരിടുന്നതിനുവേണ്ടി 5 കോടി രൂപയാണ് ജില്ലാകളക്ടർമാർക്ക് അനുവദിച്ചുകൊടുത്തത്. ആ തുക വളരെ കുറവാണെന്നറിയാം. 20-3-2007-ന് കൂടുന്ന മന്ത്രിസഭാ യോഗത്തിൽ ഇതുസംബന്ധിച്ച് കൂടുതൽ തുക അനുവദിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ചയ്ക്ക് വച്ചിട്ടുണ്ട്. അതുപോലെ മന്ത്രിമാരെ ജില്ലകളിലെ ചുമതല ഏൽപ്പിച്ചുകൊണ്ട്, ജനപ്രതിനിധികളുംകൂടി ചേർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ അടിയന്തിര വരൾച്ചാ പ്രവർത്തനങ്ങൾ നേരിടാനുള്ള തീരുമാനമെടുത്തിട്ടുണ്ട്.. ടാങ്കർ ലോറികളിൽ വെള്ളം കൊടുക്കുന്നതുസംബന്ധിച്ചുള്ള പരാതികളും പരിഹരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗവണ്മെന്റ് അനുവദിച്ചുകൊടുക്കുന്ന തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് ഭരണാനുമതി കൊടുക്കാനുള്ള നിർദ്ദേശം ജില്ലാകളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(7) കല്ലറ–പാങ്ങോട്–അരുവിപ്പുറം കുടിവെള്ള പദ്ധതി

ശ്രീമതി ജെ. അരുന്ധതി: വാമനപുരം-നെടുമങ്ങാട് മണ്ഡലത്തിൽപ്പെട്ട 3 പഞ്ചായത്തുകളിലെ ജലക്ഷാമം പരിഹരിക്കാനാവശ്യമായ കല്ലറ-പാങ്ങോട്-അരുവിപ്പുറം കുടിവെള്ള പദ്ധതി എത്രയുംവേഗം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):: എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള കല്ലറ-പാങ്ങോട് സമഗ്ര ഗ്രാമീണ ശുദ്ധജലവിതണ പദ്ധതിക്ക് 9.98 കോടി രൂപയുടെ അംഗീകാരം 1995-ലാണ് ലഭിച്ചത്. ഈ പദ്ധതിക്കാവശ്യമായ കിണറിനും ശുദ്ധീകരണശാലയ്ക്കും ജലസംഭരണിക്കും വേണ്ട സ്ഥലമെടുപ്പിന് കാലതാമസം നേരിടുന്നത് പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് . ഇപ്പോൾ ഈ സ്ഥലങ്ങളെല്ലാം വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. വെള്ളം പമ്പ് ചെയ്യുന്നതിനാവശ്യമായ കിണറിന്റെ പണി ഏതാണ്ട് 99 ശതമാനവും അരുവിപ്പുറത്ത് പൂർത്തീകരിച്ചു. തെങ്ങിൻകോട് എന്ന സ്ഥലത്ത് 10 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിക്കാൻ ശേഷിയുള്ള ശുദ്ധീകരണശാലയും പൂർത്തീകരിച്ചിട്ടുണ്ട്. കല്ലറ-പാങ്ങോട് സമഗ്ര ഗ്രാമീണ ശുദ്ധജല പദ്ധതിക്ക് ആവശ്യമായ 14.07 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ടാങ്ക് കൊടിതൂക്കിക്കുന്നിൽ പൂർത്തീകരിച്ചു. ശുദ്ധീകരണശാലയിൽ നിന്നും തെങ്ങിൻകോടിലേയ്ക്കുള്ള പമ്പിംഗ് മെയിനിന്റെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. അരുവിപ്പുറം മുതൽ തെങ്ങിൻകോട് ശുദ്ധീകരണശാല വരെ 4500 മീറ്റർ നീളത്തിൽ പമ്പിംഗ് മെയിനിന്റെ പൂർത്തീകരണം അവശേഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി

കൊടിതൂക്കിക്കുന്നിൽ നിർമ്മിച്ചിട്ടുള്ള ഭൂതല ടാങ്കിൽ നിന്നും ചാമവിളയിലേയ്ക്കും ചാമവിളയിൽനിന്നും ഭരതന്നൂരിലേയ്ക്കും ഏകദേശം 3 കിലോമീറ്റർ ദൈർഘ്യത്തിൽ ജി.ഐ. പൈപ്പ്ലൈൻ ഇടേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള പണികൾക്ക് സപ്ലൈയിംഗ് ആന്റ് ലേയിംഗിന്റെ അടിസ്ഥാനത്തിൽ 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്. കല്ലറ-പാങ്ങോട് പഞ്ചായത്തിൽ ജലം എത്തിക്കുന്നതിനു വേണ്ടിയുള്ള വിതരണ ശൃംഖലയുടെ പണി പൂർത്തീകരിക്കേണ്ടതുണ്ട്. കിണർ, ശുദ്ധീകരണശാല എന്നിവയുടെ പണി പൂർത്തീകരിച്ച് ബാക്കി പണികളായ  പമ്പിംഗ് മെയിൻ, വിതരണശൃംഖല എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന്റെ എ.ആർ.പി.യിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബാക്കി പണികൾ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

(8) <u>ചെങ്കോട്ടയിലെ  വനഭൂമി അന്യാധീനപ്പെടാനുള്ള സാഹചര്യം</u>

<u>ശ്രീ. കെ. ബി. ഗണേഷ്കുമാർ</u>: നിബിഢവനങ്ങളിൽ ഉണങ്ങി നിൽക്കുന്നതും വീണുകിടക്കുന്നതുമായ മരങ്ങൾ വനം വകുപ്പിന്റെ ഡിപ്പോകളിൽ കൊണ്ടുവന്ന് വിൽക്കുന്ന സെലക്ഷൻ ഫില്ലിംഗ് സംവിധാനം കഴിഞ്ഞ കുറേ വർഷങ്ങളായി ഇല്ലാത്തതുകൊണ്ട് ആയിരക്കണക്കിന് തൊഴിലാളികൾക്ക്  തൊഴിൽ നഷ്ടപ്പെട്ടു. ഈ സംവിധാനം നടപ്പിലാക്കാൻ വേണ്ടി വനം വകുപ്പ് കേരളത്തിനകത്തും പുറത്തും  മെയിന്റെയിൻ ചെയ്തി രുന്ന ഡിപ്പോകൾ ഇപ്പോൾ ഉപയോഗശൂന്യമായിക്കിടക്കുകയാണ്.  ഇത്തര ത്തിൽ ചെങ്കോട്ടയിൽ 5.823 ഹെക്ടറും  പൊള്ളാച്ചിയിൽ 3.20 ഹെക്ടറും

നഞ്ചംകോട് 2.4 ഹെക്ടറും സ്ഥലമാണ് വനം വകുപ്പിനുള്ളത്. അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ഭൂമി ഇപ്പോൾ പലരും കൈയേറുകയാണ്. ചെങ്കോട്ടയിൽ പി.ഡബ്ള്യൂ.ഡി.യുടെ ഉടമസ്ഥതയിലുള്ള റവന്യൂ ലാന്റ് ചില സ്വകാര്യ വ്യക്തികൾ കൈയേറിക്കഴിഞ്ഞു. ഈ സ്ഥലം സംരക്ഷിച്ച് അവിടെ ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട റിസോർട്ട് സ്ഥാപിക്കാനും. പൊള്ളാച്ചിയിലേയും നഞ്ചംകോടിലേയും സ്ഥലം സംരക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : വനം വകുപ്പിന്റെ ഉടമസ്ഥതയിൽ അന്യസംസ്ഥാനങ്ങളിലുള്ള സ്ഥലം സംരക്ഷിക്കുന്നതിന് ഗവണ്മെന്റ് നടപടി സ്വീകരിക്കും. ചെങ്കോട്ടയിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ സൂക്ഷിപ്പ് ചുമതല അച്ചൻകോവിൽ ഡി.എഫ്.ഒ.യ്ക്കാണ്. അവിടെ കയ്യേറ്റം നടന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. തെന്മല ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് അവിടെ പ്രകൃതി പഠനകേന്ദ്രവും ഇൻഫർമേഷൻ സെന്ററും ആരംഭിക്കാനുള്ള പ്രൊപ്പോസൽ ഗവണ്മെന്റിന്റെ പരിഗണനയിലാണ്. പൊള്ളാച്ചിയിലേയും നഞ്ചംകോടിലേയും സ്ഥലം സംരക്ഷിക്കുന്നതിന് ഗവണ്മെന്റ് വേണ്ടത് ചെയ്യുന്നതാണ്. ഈ സ്ഥലങ്ങൾ വിൽപ്പന നടത്തുന്നതിന് യാതൊരു ഉദ്ദേശവുമില്ല. സംസ്ഥാനത്തിന്റെ താൽപ്പര്യംകൂടി പരിഗണിച്ച് ഇക്കോ ടൂറിസം പദ്ധതികളുൾപ്പെടെ ആരംഭിക്കുന്ന കാര്യം ആലോചിച്ച് ഗവണ്മെന്റ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) സ്കൂളുകളിലെ പഠനസമയമാറ്റം

ശ്രീ. സി. ടി. അഹമ്മദ് അലി : മുസ്ലീം ജനവിഭാഗത്തിന്റെ മതവിശ്വാസത്തെ അട്ടിമറിക്കുന്ന നിലയിൽ സ്കൂളുകളിലെ പ്രവൃത്തിസമയം രാവിലെ 8 മണി മുതൽ ഉച്ചയ്ക്കുശേഷം 1.30 വരെയാക്കണമെന്ന എസ്.സി.ഇ.ആർ.ടി. ശില്പശാലയുടെ നിർദ്ദേശം നടപ്പിലാക്കാൻ ഗവണ്മെന്റ് ആലോചിക്കുന്നതായിട്ടാണ് അറിയുന്നത്. ഈ നിർദ്ദേശം നടപ്പിലാക്കാൻ അനുവദിക്കുകയില്ലെന്ന് വിവിധ സംഘടനകൾ പ്രസ്താവിച്ചിരിക്കുകയാണ്. ഉച്ചയ്ക്കുശേഷം സാധാരണ അധ്യയനസമയം അവസാനിക്കുന്ന സമയംവരെ പാഠ്യേതര വിഷയങ്ങൾക്കുവേണ്ടി സ്കൂൾ അധ്യാപകരും വിദ്യാർത്ഥികളും ചെലവഴിക്കണമെന്ന നിർദ്ദേശം മുസ്ലീം വിദ്യാർത്ഥികളുടെ മതപഠനത്തെ ദോഷകരമായി ബാധിക്കും. എസ്.സി.ഇ.ആർ.ടി.യുടെ ഇത്തരം നിർദ്ദേശങ്ങൾ കരിക്കുലം കമ്മിറ്റിയും ഗവണ്മെന്റും ഗൗരവപൂർവ്വം പരിശോധിച്ച് നിലവിലുള്ള സമയം തുടരാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സ്കൂളുകളുടെ പ്രവൃത്തിസമയം പുനഃക്രമീകരിക്കുന്നതിനെക്കുറിച്ച് ചില ആലോചനകൾ നടക്കുന്നതായി പത്രവാർത്തയുണ്ട്. ദേശീയ പാഠ്യ പദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പാഠ്യപദ്ധതിയിൽ വലിയ മാറ്റങ്ങൾ വരുത്താൻ കരിക്കുലം കമ്മിറ്റി 14 ഫോക്കസ് ഗ്രൂപ്പുകളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളും ചർച്ചകളുമൊക്കെ നടത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പഠനസമയം പുനഃക്രമീകരിക്കുന്നത് പാഠ്യപദ്ധതി പരിഷ്ക്കരണത്തേയും മറ്റും നല്ലനിലയിൽ സഹായിക്കുമെന്ന നിർദ്ദേശം കരിക്കുലം കമ്മിറ്റി ആവിഷ്ക്കരിക്കുകയും ഗവണ്മെന്റിന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗവണ്മെന്റ്

അതിന്മേൽ നടപടിയെടുത്തിട്ടില്ല. കേരളത്തിൽ ഇപ്പോൾ വ്യത്യസ്ത അധ്യയന സമയമാണുള്ളത്. വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 4.30 വരെയാണ് പ്രവൃത്തിസമയം. വി.എച്ച്.എസ്.സി. സ്കൂളുകൾ ഇപ്പോൾത്തന്നെ രാവിലെ 8.30 മുതലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിലും വ്യത്യസ്ത അധ്യയനസമയം നിലവിലുണ്ട്. എല്ലാ വിഭാഗങ്ങളുമായി ആലോചിച്ച് അവരുടെ അഭിപ്രായങ്ങൾകൂടി കണക്കിലെ ടുത്തുകൊണ്ടുള്ള അഭിപ്രായസമന്വയമായിരിക്കും ഗവണ്മെന്റ് സ്വീകരിക്കും.

(10) റീ സർവ്വേ സൂപ്രണ്ട് ഓഫീസ് കോന്നിയിൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ് : പത്തനംതിട്ട ജില്ലയിൽ കോന്നി നിയോജക മണ്ഡലത്തിൽപ്പെട്ട പല വില്ലേജുകളിലും റീസർവ്വേ നടപടികൾ ഇനിയും പൂർത്തിയായിട്ടില്ല. നിലവിലുള്ള റീസർവ്വേ സൂപ്രണ്ട് ഓഫീസിൽ നിന്നും 40 മുതൽ 60 കിലോമീറ്റർ.വരെ ദൂരം സഞ്ചരിച്ചാണ് ജീവനക്കാർക്ക് കോന്നി മണ്ഡലത്തിലെ വില്ലേജുകളിൽ എത്തിച്ചേരേണ്ടത്.. റീസർവ്വേ നടപടികൾക്ക് അപേക്ഷ നൽകുവാനും രണ്ടാം ഘട്ട അന്വേഷണത്തിനും തെളിവെടുപ്പിനും അദാലത്തിനും മറ്റ് ഇതര പ്രശ്നപരിഹാരത്തിനും കോന്നിയിൽ നിന്ന് പൊതു ജനങ്ങൾക്ക് വളരെദൂരം യാത്ര ചെയ്യേണ്ടിവരുന്നു. അതുകൊണ്ട് ജീവനക്കാ രുടേയും ജനങ്ങളുടേയും ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് റീസർവ്വേ സൂപ്രണ്ട് ഓഫീസ് കോന്നിയിൽ സ്ഥാപിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): റാന്നി താലൂക്കിലെ ആറ് വില്ലേജുകളിലും കോഴഞ്ചേരി താലൂക്കിലെ 7 വില്ലേജുകളിലുമാണ് റീ സർവ്വേ ജോലികൾ പൂർത്തീകരിക്കാനുള്ളത്. ആകെ 3 സൂപ്രണ്ട് ഓഫീ

സുകളാണ് നിലവിലുള്ളത്. കോന്നി മണ്ഡലത്തിലെ വില്ലേജുകളിൽ റീസർവ്വേ ജോലികൾക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർ അടൂർ റീ സർവ്വേ സൂപ്രണ്ട് ഓഫീസിൽ നിന്നുമാണ് പോയിക്കൊണ്ടിരിക്കുന്നത്. റീ സർവ്വേ ജോലികളും അനുബന്ധജോലികളും കാര്യക്ഷമമായി നടത്തുന്ന തിന് കോന്നിയിൽ റീസർവ്വേ സൂപ്രണ്ട് ഓഫീസ് വേണമെന്ന ആവശ്യം പരിഗണിക്കാൻ ശ്രമിക്കും. റീസർവ്വേ ഉൾപ്പെടെയുള്ള ജോലികൾ ചെയ്യേണ്ട ഉദ്യോഗസ്ഥരുടെ 550 തസ്തികകൾ കഴിഞ്ഞ ഗവണ്മെന്റ് നിറുത്തലാക്കി. അതുകൊണ്ട് നിലവിലുള്ള ജീവനക്കാർ വേണം ഈ ജോലി ചെയ്യേണ്ടത്. തലസ്ഥാന നഗര വികസന പദ്ധതിയുൾപ്പെടെയുള്ള വിവിധ പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കൽ ജോലികൾ നടക്കുന്നതിനാൽ ജീവനക്കാരുടെ ഷോർട്ടേജ് ഉണ്ട്. ശേഷിക്കുന്ന റീ സർവ്വേ ജോലികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതോടൊപ്പം കോന്നിയിൽ ഒരു ഓഫീസ് തുടങ്ങുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

(11) <u>ഫ്യൂസ് ഊരുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. മുരളി പെരുനെല്ലി</u>: കാർഷികമേഖലയുടെ പുരോഗതിക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കിയ വൈദ്യുതി സൗജന്യം കൃഷിക്കാർക്ക് ആശ്വാസകരമാണ്. എന്നാൽ തൃശ്ശൂർ ജില്ലയിൽ വരൾച്ച രൂക്ഷമായ ഈ സന്ദർഭത്തിൽ കൃഷിക്കാരുടെ മോട്ടോറുകളുടെ ഫ്യൂസ് ഊരിയതുകാരണം കാർഷിക വിളകൾക്ക് ജലസേചനം നടത്താൻ കഴിയുന്നില്ല.. അർഹതപ്പെട്ട മുഴുവൻ കൃഷിക്കാർക്കും സൗജന്യ വൈദ്യുതി നൽകുന്നതിനും ഫ്യൂസ് ഊരിയ മോട്ടോറുകളുടെ കണക്ഷൻ പുനഃസ്ഥാപിച്ച് കൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ ): കൃഷിക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ഇളവു നൽകി ഒറ്റത്തവണയോ ആറ് മാസ തവണകളായോ കുടിശ്ശിക അടയ്ക്കാൻ സൗകര്യം കൊടുത്തിട്ടുണ്ട്. പണമടയ്ക്കുന്നവർക്ക് ഉടൻതന്നെ വൈദ്യുതി കണക്ഷൻ പുന:സ്ഥാപിച്ച് നൽകും. ഗവണ്മെന്റ് ഓർഡർ പ്രകാരം 5 ഏക്കറിനു മുകളിലുള്ള നെൽക്കൃഷിക്ക് പരിപൂർണ്ണമായും വൈദ്യുതി ഫ്രീയാണ്. 5 ഏക്കറിനു താഴെയുള്ള എല്ലാ കൃഷിയും വൈദ്യുതി താരിഫിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. യൂണിറ്റിന് 65 പൈസ വീതം കൃഷി വകുപ്പ് വൈദ്യുതി ബോർഡിന് നൽകണമെന്നുണ്ടെങ്കിലും ഇതുവരെയും യാതൊന്നും നൽകിയിട്ടില്ല. ഈ ഇനത്തിൽ 65 കോടിരൂപ കുടിശ്ശികയുണ്ട്. ഇത്രയും കുടിശ്ശിക ഉണ്ടായിട്ടും. ഒരൊറ്റ കണക്ഷനും വിച്ഛേദിച്ചിട്ടില്ല. ഇവിടെ ഉന്നയിച്ച പ്രശ്നം ഗവണ്മെന്റ് ഗൗരവമായി പരിഗണിക്കും.

### (12) എൻ.ആർ.എച്ച്.എം. പദ്ധതിയിൽപ്പെടുത്തി പി.എച്ച്.സി., സി.എച്ച്.സി., എന്നിവയുടെ വികസനം

ശ്രീ. ജോർജ് മേഴ്സിയർ : നിലവിലുള്ള ആരോഗ്യ പരിപാടികളുടെ ഏകീകരണവും ശാക്തീകരണവും കൂടുതൽ കാര്യമായ പ്രവർത്തനവും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് 2005 മുതൽ 2012 വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്ന ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ . വിഴിഞ്ഞം, പൂവാർ തീരദേശത്ത് താമസിക്കുന്ന സാധാരണക്കാർ അവിടത്തെ സി.എച്ച്.സി. കളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യമില്ലാത്തതുകൊണ്ട് വളരെ വിഷമിക്കുന്നു. വിഴിഞ്ഞം, പൂവാർ സി.എച്ച്.സി.കളിൽ എൻ.ആർ.എച്ച്.എം. പദ്ധതി

യിലുൾപ്പെടുത്തി അനുവദിക്കാൻ ഉദ്ദേശിക്കുന്ന മുഴുവൻ സൗകര്യങ്ങളും അടിയന്തിരമായി നൽകണം. ഹോസ്പ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി എം.എൽ.എ. മാർക്ക് പ്രാതിനിധ്യം കൊടുക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സംസ്ഥാനത്ത് റൂറൽ ഹെൽത്ത് മിഷന്റെ ഭാഗമായുള്ള 'ആരോഗ്യ കേരളം പദ്ധതി' ലക്ഷ്യമിടുന്നത് ഇന്ത്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡ് അനുസരിച്ച് ഗവണ്മെന്റ് ആശുപത്രികളെ ഉയർത്തിക്കൊണ്ടു വരിക എന്നതാണ്. ഫസ്റ്റ് റഫറൽ യൂണിറ്റ് എന്ന നിലയിൽ സി.എച്ച്.സി. കളെ മാതൃകാ ആശുപത്രിയാക്കാൻ തുടക്കം കുറിക്കുകയും എല്ലാ ജില്ലക ളിലും ജില്ലാ പ്രോഗ്രാം മാനേജരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മൽസ്യ ത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന, പല വിധത്തിലുള്ള പകർച്ച വ്യാധികൾ പിടിപെടാൻ സാധ്യതയുള്ള പ്രദേശമെന്ന നിലയിൽ തീരപ്രദേശങ്ങളിൽ മാരകരോഗങ്ങളുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. . വിഴിഞ്ഞം, പൂവാർ സി.എച്ച്.സി.കൾക്ക് മറ്റു പല ആശുപത്രികൾക്കും ലഭിക്കുന്ന പരിഗണന ലഭിക്കുന്നില്ല. രോഗം വരാതിരിക്കുന്നതിനാവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ കേരളം പദ്ധതിയിലൂടെ നടപ്പിലാക്കാൻ തീരുമാന മായിട്ടുണ്ട്. മാലിന്യ മുക്ത കേരളം പദ്ധതിക്കു സഹായകരമായി ഹെൽത്ത് ആന്റ് സാനിറ്റേഷൻ വാർഡ് സമിതി കേരളത്തിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയും വാർഡുകളിൽ രൂപീകരിക്കുകയാണ്. പതിനായിരം രൂപ വീതം ഓരോ വാർഡുകൾക്കും കൊടുക്കണമെന്നാണ് തീരുമാനമാ യിട്ടുള്ളത്. ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഇല്ലെങ്കിൽ ജൂനിയർ

ഹെൽത്ത് ഇൻസ്പെക്ടർ കൺവീനറായിട്ടുള്ള കമ്മിറ്റിയായിരിക്കും വാർഡ് തലത്തിൽ പ്രവർത്തിക്കുക. അതേസമയം തീര പ്രദേശങ്ങളിലും ട്രൈബൽ മേഖലയിലും അർബൻ സ്ലമ്മിലും ഒരു പ്രത്യേക പ്രവർത്തകയെ നിശ്ചയിക്കാൻ തീരുമാനമായിട്ടുണ്ട്. അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ് എന്ന നിലയിൽ പ്രവർത്തിക്കുന്ന ഈ ആരോഗ്യപ്രവർത്തകർക്ക് പ്രവർത്തിക്കുന്നതിനനുസരിച്ച് സാമ്പത്തിക ആനുകൂല്യം കൊടുക്കണമെന്നാണ് തീരുമാനം. ഹെൽത്ത് സെന്ററുകൾക്ക് 75,000 രൂപ ഡി.എം.ഒ. വഴി നൽകിക്കഴിഞ്ഞു. ഇതിൽ 25,000 രൂപ ഉപാധിരഹിത ഫണ്ടായും 50,000 രൂപ മെയിന്റനൻസിനുമാണ് നൽകുന്നത്. സി.എച്ച്.സി.ക്ക് 20 ലക്ഷം രൂപ നൽകിക്കഴിഞ്ഞു. എല്ലാ ആശുപത്രികളിലും ഹോസ്പ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാനുള്ള ഓർഡർ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇറക്കിക്കഴിഞ്ഞു രജിസ്റ്റർ ചെയ്യുന്ന സൊസൈറ്റിക്ക് . ഒരു ലക്ഷം രൂപ വീതം നൽകാനും റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ട് ഉപയോഗിച്ച് സാധിക്കുന്നതാണ്. ആശുപത്രികളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഗൈഡ്ലൈനോടുകൂടിയാണ് മാനേജ്മെന്റ് കമ്മിറ്റിയുടെ ഉത്തരവ് ഇറക്കിയിട്ടുള്ളത്. അതിൽ എം.എൽ.എ.-മാർക്ക് പ്രത്യേകമായ പങ്കാളിത്തമില്ല എന്നൊരു ആക്ഷേപം ഗവണ്മെന്റ് കണക്കിലെടുത്തിട്ടുണ്ട്. വിഴിഞ്ഞം, പൂവാർ ആശുപത്രികൾക്ക് പ്രത്യേക പരിഗണന കൊടുത്ത് അപ്ഗ്രേഡ് ചെയ്യാൻ ഗവണ്മെന്റ് തയ്യാറാണ്.

(13) <u>സൈലന്റ്വാലിയുടെ സംരക്ഷണം</u>

<u>ശ്രീ. ടി.എൻ. പ്രതാപൻ</u> : ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നാച്വർ എന്ന ലോകോത്തര സംഘടന കണ്ടെത്തിയ

18 ഹോട്ട്സ്പോട്ടുകളിൽ ഏറ്റവും പ്രധാനപ്പെട്ട വൈവവിദ്ധ്യ കേന്ദ്രവും സൂര്യപ്രകാശമേൽക്കാത്ത നിബിഢവനവും സിംഹവാലൻ കുരങ്ങുൾപ്പെടെ നിരവധി ജീവികളുടെ ആവാസ കേന്ദ്രവുമായ സൈലന്റ്‌വാലിയെ സംരക്ഷിക്കുന്നതിന് കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകൾക്ക് കഴിഞ്ഞിട്ടില്ല. ചുറ്റുമുളള പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തി ഒരു ബഫർ സോൺ നിർമ്മിച്ച് സൈലന്റ്‌വാലിയെ സംരക്ഷിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സൈലന്റ് വാലിയുടെ പ്രാധാന്യം ലോകം മുഴുവനും ബോധ്യമുളളതാണ്. ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നാചർ എന്ന സംഘടന 18 ഹോട്ട്സ്പോട്ടുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സൈലന്റ് വാലി എന്ന് കണ്ടെത്തിയിട്ടുണ്ട്. ആ പ്രധാന്യം പരിഗണിച്ചുകൊണ്ട് സൈലന്റ് വാലിയെ സംരക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. സൈലന്റ് വാലിക്കുവേണ്ടി ഒരു കോടിരൂപ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. സൈലന്റ് വാലി നാഷണൽ പാർക്കിന്റെ ചുറ്റുവട്ടത്ത് മണ്ണാർക്കാട്, നിലമ്പൂർ സൗത്ത് എന്നീ പ്രദേശങ്ങളിൽപ്പെട്ട 148 ചതുരശ്ര കിലോമീറ്റർ വനപ്രദേശം ഉൾപ്പെടുത്തി ഒരു ബഫർ സോൺ നിർമ്മിച്ച് അതിനെ രണ്ടായിട്ട് വിഭജിച്ച് രണ്ട് റെയ്ഞ്ചുകളായി സംരക്ഷിക്കണമെന്ന പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്; വളരെ വൈകാതെതന്നെ ഇതിന് അംഗീകാരം നൽകുന്നതാണ്.

(14) വികലാംഗരുടെ നിയമനം ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി.ടി.എ. റഹിം: വികലാംഗ ഉദ്യോഗാർത്ഥികൾക്ക് നിയമനങ്ങളിൽ 3 ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും റിക്രൂട്ട്മെന്റിൽ

വേണ്ടത്ര ശ്രദ്ധിക്കാത്തതുകൊണ്ട് ബാക്ക്‌ലോഗ് നിലനിൽക്കുകയാണ്. അത് നികത്തുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതുണ്ട്. ഒന്നുംരണ്ടും വിഭാഗത്തിൽപ്പെട്ട കാറ്റഗറികളിൽ പുതിയ സംവരണം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അത് സംബന്ധിച്ച് ഇതുവരെ വ്യക്തത ഉണ്ടായിട്ടില്ല. അത് നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : 1995-ലെ വികലാംഗ സംരക്ഷണ നിയമപ്രകാരം വികലാംഗർക്ക് ക്ളാസ്-മൂന്ന്, നാല് വിഭാഗം തസ്തികകളിലെ നിയമനങ്ങളിൽ 3 ശതമാനം സംവരണം ഏർപ്പെടുത്തുകയും 1998-ലെ ഉത്തരവ് പ്രകാരം 3 ശതമാനത്തിൽ കുറയാത്ത ഒഴിവുകളിൽ അവരെ നിയമിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ എംപ്ളോയ്മെന്റ് ഓഫീസർ മറ്റ് ജില്ലാ മേധാവികൾ എന്നിവർ മെമ്പർമാരുമായ കമ്മിറ്റിയാണ് ഇത് മോണിറ്റർ ചെയ്യുന്നത്. വികലാംഗ നിയമനങ്ങളുടെ ടാർജറ്റ് പൂർത്തിയാക്കുന്നതിന് മൂന്നുവർഷത്തെ സമയം അനുവദിച്ചിട്ടുണ്ട്. 1998 മുതൽ 2003 വരെ എല്ലാ ജില്ലകളിലുമായി 2402 ഒഴിവുകൾ നിശ്ചയിച്ചിരുന്നു. അതിൽ 31-12-2006-വരെ 1619 ഒഴിവുകളിൽ നിയമനം നടത്തുകയുണ്ടായി. ബാക്ക്‌ലോഗ് നികത്തുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുതലവന്മാർ യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതാണ് നിയമനം വൈകുന്നതിന്റെ കാരണം. സർക്കാർ വകുപ്പുകളിൽ മാത്രമേ ഇത്തരത്തിൽ വികലാംഗരെ നിയമിക്കാൻ കഴിയൂ. സംസ്ഥാന

തലത്തിൽ അവലോകനം നടത്തി ബാക്ക്ലോഗ് നികത്തുന്നതിന് നിർദ്ദേശം നൽകിയതനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ അത് പൂർത്തിയാക്കുകയും പത്തനംതിട്ട ജില്ലയിൽ 90 ശതമാനത്തിലധികവും തൃശ്ശൂർ, മലപ്പുറം, കാസർകോട് എന്നീ ജില്ലകളിൽ 80 ശതമാനത്തിലധികവും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ക്ലാസ്-I, II വിഭാഗം തസ്തികകളിൽ വികലാംഗ ഉദ്യോഗാർത്ഥികൾക്ക് മൂന്ന് ശതമാനം സംവരണം നൽകാൻ ഉത്തരവായിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾക്കുള്ള നടപടികൾ ഊർജ്ജിത പ്പെടുത്തുന്നതാണ്.

(15) <u>വയനാട്ടിലെ നല്ലൂർനാട് അംബേദ്കർ ആശുപത്രിയുടെ പ്രവർത്തനം</u>

<u>ശ്രീ. കെ.സി. കുഞ്ഞിരാമൻ</u> കോടിക്കണക്കിന് രൂപ മുടക്കി എല്ലാവിധ ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്തി ആദിവാസികളായ രോഗികളെ കിടത്തി ചികിൽസിക്കുന്നതിന് പ്രവർത്തനം ആരംഭിച്ച നല്ലൂർനാട് അംബേ ദ്കർ ആശുപത്രിയിൽ ഇന്ന് ഒരു രോഗിക്കുപോലും ചികിൽസ ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ട്രൈബൽ ഡിപ്പാർട്ടുമെന്റിന് ഈ ആശുപത്രി നടത്തി ക്കൊണ്ടുപോകാനാവാത്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ഈ സ്ഥാപനത്തെ ഏറ്റെടുത്ത് ആവശ്യമായ ജീവനക്കാരെ നിയമിച്ച് ജില്ലാ ആശു പത്രിയുടെ ഒരു ബ്രാഞ്ചാക്കി മാറ്റി ആദിവാസികൾക്ക് മെച്ചപ്പെട്ട ചികിൽസാ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>): പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള ഈ ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടേയും പാരാമെഡിക്കൽ

സ്റ്റാഫിന്റേയും പോസ്റ്റ് ക്രിയേറ്റുചെയ്തിട്ടില്ല. 27-12-2006–ൽ പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അട്ടപ്പാടി, നല്ലൂർനാട് ആശുപത്രികൾ പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടിയുള്ളതാണ്. ആരോഗ്യ വകുപ്പ് ഇത് ഏറ്റെടുക്കുന്നതിന് നടപടി ആയിട്ടുണ്ട്. ഡോക്ടർമാരേയും നഴ്സുമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ചുകൊണ്ട് ഒരു മാസത്തിനകം അട്ടപ്പാടി, നല്ലൂർനാട് ആശുപത്രികളുടെ പ്രവർത്തനം ആരംഭിക്കും.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രസ്തുത ആശുപത്രികൾ ആരോഗ്യ വകുപ്പിന് കൈമാറാനും എല്ലാ ആദിവാസികൾക്കും സൗജന്യ ചികിൽസ നൽകുന്നതിന് 10 കോടി രൂപ ചെലവിൽ ഒരു പദ്ധതിക്ക് രൂപം നൽകാനും തീരുമാനമായിട്ടുണ്ട്.

(16) മലവേടൻ സമുദായത്തെ സംവരണപട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. എസ്. രാജേന്ദ്രൻ : ഇടുക്കി ജില്ലയിലെ മൂന്ന് പഞ്ചായത്തുകളിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട 15,000 കുടുംബങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാത്തതുകാരണം വിദ്യാഭ്യാസാനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് അടുത്ത അദ്ധ്യയന വർഷമെങ്കിലും സർട്ടിഫിക്കറ്റ് നൽകി അവർക്ക് വിദ്യാഭ്യാസാനുകൂല്യം നൽകാൻ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ, കാറയൂർ പഞ്ചായത്തുകളിലുള്ളവർ പട്ടികവർഗ്ഗ വിഭാഗങ്ങളായ

മലയൻ, മലയപണ്ടാരം, മലയ്‌വേടൻ, അടിയൻ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരല്ലെന്നും ഇവർ വെള്ളാളർ സമുദായത്തിൽപ്പെട്ടവരാണെന്നും കിർത്താഡ്സ് കണ്ടെത്തിയതിനെത്തുടർന്ന് പുറപ്പെടുവിച്ച ഗവൺമെന്റ് ഉത്തരവിനെ ചോദ്യംചെയ്തുകൊണ്ട് ഫയൽ ചെയ്ത ഒ.പി.യിൽ ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ഒരു വിദഗ്ദ്ധ സമിതി അന്വേഷണം നടത്തുകയും ഇവർ യഥാർത്ഥ പട്ടികവർഗ്ഗക്കാരല്ലെന്ന് കണ്ടെത്തുകയും ചെയ്തു. തലമുറകളായി സ്കൂൾ രേഖകളിൽ വെള്ളാളർ സമുദായം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഇവർക്ക് പട്ടികവർഗ്ഗക്കാർക്കുള്ള സംവരണാനുകൂല്യം ലഭിക്കുന്നതല്ല.

(17) കെ.എസ്.ഇ.ബി. ലൈൻമാൻ പുല്ലാഞ്ഞി സുരേശന്റെ ദുരൂഹമരണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: കണ്ണൂർ ഭരണശ്ശേരി സെക്ഷനിലെ ലൈൻമാനായ എടയ്ക്കാട് നിയോജകമണ്ഡലത്തിൽ ചെമ്പിലോട് പഞ്ചായത്തിലെ പുല്ലാഞ്ഞി സുരേശൻ ലൈൻ ഓഫ് ചെയ്ത് അറ്റകുറ്റപ്പണികൾ നിർവ്വഹിച്ച് ഇറങ്ങുന്ന സമയത്ത് ട്രാൻസ്ഫോർമറിൽ നിന്നുണ്ടായ ഷോക്കുമൂലം മരണപ്പെടുകയുണ്ടായി. ഉദ്യോഗസ്ഥരുടെ കുറ്റകരമായ അനാസ്ഥയാണ് കാരണമെന്ന പരാതിയുണ്ട്. മരണപ്പെട്ട സുരേശന്റെ കുടുംബത്തിന് നഷ്ടപരിഹാരമായി ഗവണ്മെന്റ് പ്രഖ്യാപിച്ച തുക വർദ്ധിപ്പിക്കാനും ആ കുടുംബത്തിലെ ഒരാൾക്ക് ജോലി നൽകാനുമുള്ള നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): കണ്ണൂർ ഭരണശ്ശേരി സെക്ഷൻ ഓഫീസ് പരിധിയിലുള്ള താവക്കരയിൽ ഇലക്ട്രിസിറ്റി ലൈൻ പണികൾ നടത്തിക്കൊണ്ടിരുന്ന പി. സുരേശൻ എന്ന ഇലക്ട്രിസിറ്റി വർക്കർ 17-3-07-ന് എ.പി.ഡി.ആർ.പി.

പ്രകാരം വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്ന പണി നടക്കുന്ന സമയത്ത് ഷോക്കേറ്റ് മരണപ്പെടുകയുണ്ടായി. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും പോലീസും സംഭവസ്ഥലം പരിശോധന നടത്തിയിട്ടുണ്ട്. . പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നാൽ മാത്രമേ യഥാർത്ഥ മരണകാരണം വ്യക്തമാകുകയുള്ളൂ. പ്രാഥമികാന്വേഷണത്തിന്റെ ഭാഗമായി ശശിധരൻ എന്ന സബ് എൻജിനീയറേയും ജോർജ്ജ് കുട്ടി എന്ന ഓവർസിയറേയും സസ്പെൻഡ് ചെയ്യുകയും വിശദമായ അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. സുരേശന്റെ കുടുംബത്തിന് താൽക്കാലികാശ്വാസമായി അനുവദിച്ച 50,000 രൂപ കൂടാതെ വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരമുള്ള പരമാവധി നഷ്ടപരിഹാരത്തുകയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അയാളുടെ ഭാര്യക്കോ നിയമപരമായി അവകാശിക്കോ ജോലി നൽകുന്ന കാര്യം പരിഗണിക്കുന്നതായിരിക്കും.

(18) <u>ലക്ഷ്മണന്റെ കൊലപാതകം</u>.

<u>ശ്രീ. എം. ഉമ്മർ</u>: മലപ്പുറം നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ഒതുക്കുന്നലിൽ മിനി ഇൻഡസ്ട്രി നടത്തുന്ന താനൂർ സ്വദേശി ലക്ഷ്മണനെ കടയടച്ച് വീട്ടിലേയ്ക്ക് പോകുന്ന സമയത്ത് മോട്ടോർ സൈക്കിളിൽ വന്ന ആളുകൾ വെട്ടിപ്പരിക്കേൽപ്പിച്ച് കൊലപ്പെടുത്തുകയുണ്ടായി. കഴിഞ്ഞ കുറേ നാളുകളായി മലപ്പുറം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നാൽ പോലീസ് കേസ്സെടുക്കുന്നുവെന്നല്ലാതെ നടപടിയൊന്നും സ്വീകരിക്കുന്നില്ല. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ഇതു സംബന്ധിച്ച്

ജനങ്ങൾക്കുള്ള ഭീതിയകറ്റാനും മലപ്പുറം ജില്ലയിലെ സമാധാനാന്തരീക്ഷവും മതസൗഹാർദ്ദവും തകർക്കുന്ന ശ്രമങ്ങളെ നേരിടാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മാർച്ച് 16-ാം തീയതി വൈകുന്നേരം 6.30-ന് കോട്ടയ്ക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള ഒതുക്കുന്നലിൽ നിധീഷ് ഇൻഡസ്ട്രിയൽ സ്ഥാപനവുടമ താനൂർ മൂലക്കര സ്വദേശി ലക്ഷ്മണനെ മൂന്ന് ബൈക്കിലായി വന്ന ആറ് പേർ ചേർന്ന് മാരകായുധങ്ങൾ ഉപയോഗിച്ച് വെട്ടിക്കൊലപ്പെടുത്തുകയുണ്ടായി. ലക്ഷ്മണന്റെ അനുജന്റെ പരാതിപ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾ എൻ.ഡി.എഫ്. പ്രവർത്തകരാണെന്ന് സംശയിക്കപ്പെടുന്നു. മലപ്പുറം ജില്ലയിൽ നിലനിൽക്കുന്ന സമാധാനാന്തരീക്ഷം തകർത്ത് ഭീകരാന്ത രീക്ഷം സൃഷ്ടിക്കാനും അതുവഴി മുതലെടുപ്പുനടത്താനും ചില ശക്തികൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുന്നുണ്ടെന്നുള്ളത് കണക്കിലെടുത്ത് ഐ.ജി.-യുടെ നേതൃത്വത്തിൽ തൃശൂർ റെയിഞ്ച് ഡി.ഐ.ജി. ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ സംഭവസ്ഥലത്ത് ക്യാമ്പ് ചെയ്ത് സ്ഥിതിഗതികൾ നിയന്ത്രിച്ചുവരികയാണ്. താനൂർ, തിരൂർ, കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനതിർത്തികളിൽ ശക്തമായ പോലീസ് പിക്കറ്റിംഗും പട്രോളിംഗും ഏർപ്പെടുത്തി സ്ഥിതിഗതികൾ നിയന്ത്രണവിധേയമാക്കിയി ട്ടുണ്ട്. പ്രതികളെ കണ്ടുപിടിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. തിരൂർ ഡിവൈ.എസ്.പി., സർക്കിൾ ഇൻസ്പെക്ടർ എന്നിവരുടെ മേൽനോട്ടത്തിൽ ഒരു ടീം രൂപീകരിച്ച് ഊർജ്ജിതാന്വേഷണം നടത്തിവരികയാണ്. ഈ

സംഭവത്തിന്റെ പിന്നിൽ പ്രവർത്തിച്ചവരെ കണ്ടുപിടിക്കാൻ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ: മലപ്പുറം ജില്ലയിൽ ജനുവരി മാസം മുതൽ ആരംഭിച്ച സംഘർഷാവസ്ഥയും കൊലപാതകവും ജനങ്ങളെയാകെ ഭീതിയിലാക്കിയിരിക്കുകയാണ്. ഇത് ജനങ്ങളുടെ സുരക്ഷിതത്വ ബോധത്തിന് നേരെയുള്ള കടന്നാക്രമണമാണ്. ഇതിനെതിരെ ഗവണ്മെന്റിന്റെ സഹകരണത്തോടെയുള്ള ബോധവൽക്കരണ ശ്രമങ്ങൾ നടത്തേണ്ടത് ആവശ്യമാണ്. സമൂഹമനഃസ്സാക്ഷിയെ ഞെട്ടിക്കുന്ന ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധയുണ്ടാകണം. കുറ്റക്കാരായവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. അക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ പൂർണ്ണ പിൻതുണയുണ്ടായിരിക്കുന്നതാണ്. .

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇക്കാര്യത്തിൽ ഗവണ്മെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി അവിടെ സമാധാനാന്തരീക്ഷം പുന: സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആദ്യസംഭവങ്ങളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തുടർന്ന് ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടിയിരുന്നു. തുറന്ന മനസ്സോടെയുള്ള രാഷ്ട്രീയ പാർട്ടികളുടെ സമീപനത്തിന്റെ ഫലമായി പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ ശ്രമിക്കുമ്പോൾ ചില ശക്തികൾ അവിടെ വീണ്ടും ബോധപൂർവ്വമായ പ്രശ്നങ്ങളുണ്ടാക്കുകയും അവർക്ക് സാമ്പത്തിക സഹായവും ആയുധ പിൻബലവും നൽകുകയും ചെയ്യുന്നതായി മനസ്സിലാക്കുന്നു. മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും സംഭവസ്ഥലം സന്ദർശിക്കുകയുണ്ടായി. ഡി.ജി.പി.-യുടെ

നേതൃത്വത്തിൽ ശക്തമായ പോലീസ് സംവിധാനം ഏർപ്പെടുത്തുകയും അവിടെ നിരോധനാജ്ഞ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഗവണ്മെന്റ് ഇനിയും എന്തെങ്കിലും കാര്യങ്ങളിൽ ഇടപെടേണ്ടതുണ്ടെങ്കിൽ യഥാവിധി ചെയ്യുന്നതാണ്. അവിടെ സമാധാനാന്തരീക്ഷം നിലനിറുത്താൻ എല്ലാവരുടെയും സഹകരണം ആവശ്യമാണ്.

<u>(19) തിരൂർ –താനൂർ പ്രദേശങ്ങളിലെ അക്രമം.</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: മലപ്പുറം ജില്ലയിലെ താനൂർ–തിരൂർ തീരപ്രദേശങ്ങളിൽ സി.പി.ഐ.(എം), ലീഗ് പ്രവർത്തകർ തമ്മിൽ സംഘർഷം നടക്കുകയാണ്. പോലീസ് സംരക്ഷണം കിട്ടാതെ ഹൈക്കോടതി സംരക്ഷണം ആവശ്യപ്പെട്ട അബൂബക്കറിന്റേതുൾപ്പെടെ മുപ്പതോളം വീടുകൾ തകർക്കുകയും സ്വത്തുക്കൾ നശിപ്പിക്കുകയുമുണ്ടായി. സംഘർഷത്തിന് നേതൃത്വം കൊടുക്കുന്നവരെ കസ്റ്റഡിയലെടുക്കാതെ വെട്ടം പഞ്ചായത്തിലെ മുസ്ലീം ലീഗ് നേതാവും പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമായ സൈനുദ്ദീനുൾപ്പെടെ നിരപരാധികൾ അറസ്റ്റ് ചെയ്യപ്പെടുകയാണ്. 308–ാം വകുപ്പ് അനുസരിച്ച് കേസ് ചാർജ്ജ് ചെയ്തിട്ട് പ്രതിയെ അറസ്റ്റ് ചെയ്യാൻ പോലീസിന് കഴിഞ്ഞിട്ടില്ല. വീണ്ടും സംഘർഷത്തിനും അക്രമങ്ങൾക്കും നേതൃത്വം കൊടുക്കുന്നവരെ അറസ്റ്റ് ചെയ്യണം. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ അടിയന്തിരയോഗം വിളിച്ച് വീടും സ്വത്തും നഷ്ടപ്പെട്ട മൽസ്യത്തൊഴിലാളികളായ പാവപ്പെട്ടവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി</u>: തിരൂർ നിയോജകമണ്ഡലത്തിലെ പിറവണ്ണ കടപ്പുറത്ത് സി.പി.ഐ.(എം).കാരുടെ മുപ്പതോളം വീടുകൾ

മുസ്ലീം ലീഗ് പ്രവർത്തകർ നശിപ്പിക്കുകയും സ്ത്രീകളുൾപ്പെടെയുള്ളവരെ ആക്രമിക്കുകയും ചെയ്യുകയുണ്ടായി. രാഷ്ട്രീയവിരോധമാണ് ഇതിന്റെ പിന്നിലുള്ളതെന്ന് കരുതുന്നു. ആക്രമണകാരികളെ പോലീസുകാർ പിടിച്ചപ്പോൾ അതിനെ ഉപരോധിക്കുകയും പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും ചെയ്യുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുകയാണ്. ഇതിൽ കുറ്റക്കാരായവരെ കണ്ടുപിടിച്ച് ശിക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ജനുവരി 20-ന് തിരൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ആർ.എസ്.എസ്. പ്രവർത്തകനായ രവീന്ദ്രനെ എൽ.ഡി. എഫ് പ്രവർത്തകർ വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തോടനുബന്ധിച്ച് ഏഴ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുത്തൂർ എന്ന സ്ഥലത്ത് മുഹമ്മദലിയെ കൊലചെയ്ത കേസിൽ 8 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 17-ാം തീയതി തിരൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ആലിൻചുവട് എന്ന സ്ഥലത്തുവച്ച് ഐ.യു.എം.എൽ.-സി.പി.ഐ.(എം). പ്രവർത്തകർ തമ്മിൽ സംഘട്ടനമുണ്ടായി. ഒരു ഐ.യു.എം.എൽ. പ്രവർത്തകനെയും 2 സി.പി. ഐ.(എം) .പ്രവർത്തകരെയും സംഭവസ്ഥലത്തുവച്ച് അറസ്റ്റ് ചെയ്തു. അന്നേദിവസം വൈകുന്നേരം 5.45-ന് തേവർക്കടപ്പുറത്തുവച്ച് ഐ.യു.എം. എൽ.- സി.പി.ഐ.(എം) .പ്രവർത്തകർ തമ്മിൽ സംഘർഷമുണ്ടാകുകയും വീടുകൾക്ക് നാശനഷ്ടമുണ്ടാകുകയും രണ്ട് വിഭാഗത്തിൽപ്പെട്ടവർക്കും പരിക്കുപറ്റുകയും ചെയ്ത സംഭവത്തിൽ 5 കേസുകളും 18- ാം തീയതി

രാവിലെ തേവർക്കടപ്പുറത്ത് വീടുകൾക്ക് തീവയ്ക്കാൻ ശ്രമിച്ച സംഭവത്തിൽ ഒരു കേസ്സും തിരൂർ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്.പി. സംഭവസ്ഥലം കേന്ദ്രീകരിച്ച് ക്രമസമാധാനപാലനത്തിന് നേതൃത്വം നൽകുന്നുണ്ട്. കുറ്റക്കാരുടെ പേരിൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട് – ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : "ഈ ഉപക്ഷേപത്തിനോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2007-08 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന" ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ എ.പി. അനിൽ കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ ഭേദഗതി അവതരിപ്പിച്ചു.

ശ്രീ. എം. എ. വാഹീദ് : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഈ ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിയോ കാർഷിക പാക്കേജോ ഇല്ല.

സുസ്ഥിര നഗര വികസന പദ്ധതി, ഗ്രാമീണ കുടിവെള്ള പദ്ധതി, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി, ബി.ഒ.ടി. പദ്ധതി എന്നിവയെല്ലാം കേന്ദ്ര പദ്ധതികളാണ്. പുതിയ തസ്തികകളോ പുതിയ നിയമനങ്ങളോ പുതിയ സ്കൂളുകളോ പുതിയ ആശുപത്രികളോ പുതിയ അംഗൻവാടികളോ അംഗൻവാടി കെട്ടിടമോ ഇല്ല. 2004-05-ലെ ബഡ്ജറ്റിൽ 27 കോടി രൂപ അംഗൻവാടികൾക്കായി കൊടുത്തിരുന്നു. പഞ്ചായത്തുകൾ നിർമ്മിച്ച കെട്ടിടങ്ങൾ ഉൽഘാടനം ചെയ്യാതെ നശിക്കുകയാണ്. കോൺട്രാക്ടർമാർക്ക് തുക വകയിരുത്തിയിട്ടില്ല, അംഗൻവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ സംസ്ഥാന വിഹിതം നൽകുമെന്ന് ഉറപ്പ് നൽകിയിട്ട് യാതൊന്നും നൽകിയിട്ടില്ല. ഇല്ലായ്മയുടെ ബഡ്ജറ്റാണിത്. കഴക്കൂട്ടം നിയോജകമണ്ഡലത്തിലുള്ള 274 അംഗൻവാടികളിൽ 110 അംഗൻവാടികൾക്ക് എം.ജി.പി.യുടെയും സർക്കാരിന്റെയും സഹായത്തോടെ നടന്നുകൊണ്ടിരിക്കുന്ന കെട്ടിടം പണി നിറുത്തിവച്ചിരിക്കുകയാണ്. കാർഷിക മേഖലയെ തകർത്തതിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വം കമ്മ്യൂണിസ്റ്റ് പാർട്ടിക്കാണ് 1942-ലെ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ളി ഉണ്ടാക്കിയ ഭരണഘടനയെ ഭരണഘടനയല്ല എന്നുപറഞ്ഞ് കത്തിച്ച, മലമ്പുഴ ഡാമിന്റെ പണി നടക്കുമ്പോൾ അതിനെതിരെ സമരം ചെയ്ത, ട്രാക്ടറും തൊണ്ടുതല്ല് മെഷീനും കമ്പ്യൂട്ടറുമെല്ലാം അടിച്ചു തകർത്തവരാണ് കമ്മൂണിസ്റ്റുകാർ.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ശുഭസൂചകമായിട്ടുള്ള കേരളത്തിന്റെ സാമ്പത്തിക ചിത്രം വെളിപ്പെടുത്തുന്ന ഈ ധനകാര്യ രേഖ ഒരു പുതിയ വികസന

അജണ്ടയാണ്. കാർഷിക-പരമ്പരാഗത മേഖലകളെ സംരക്ഷിച്ചും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളെ പുഷ്ടിപ്പെടുത്തിയും സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളെ സംരക്ഷിച്ചും ജനാധിപത്യ അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തിയും അഴിമതിരഹിതമായ ഒരു ഭരണം കാഴ്ചവച്ചുകൊണ്ട് കഴിഞ്ഞ സർക്കാർ തകർത്തെറിഞ്ഞ കേരളത്തിന്റെ സദ്പാരമ്പര്യങ്ങളെ തിരിച്ചുപിടിക്കാനാണ് ഈ സർക്കാർ മുന്നോട്ടുവന്നിട്ടുള്ളത്. കേന്ദ്രവിഹിതം സംസ്ഥാനത്തിന് കിട്ടുന്ന ഔദാര്യമല്ല, അവകാശമാണ്. ഭക്ഷ്യ സബ്സിഡി വർദ്ധിപ്പിക്കാനോ വിലക്കയറ്റം നിയന്ത്രിക്കാനോ യാതൊരു നടപടിയും കേന്ദ്ര ബഡ്ജറ്റിൽ സ്വീകരിച്ചിട്ടില്ല. കേന്ദ്ര ബഡ്ജറ്റിലെ വരുമാന വർദ്ധനവ് 18 ശതമാനം ആയിരിക്കുമ്പോൾ സംസ്ഥാന ബഡ്ജറ്റിൽ അത് 22% ആണ്. കൂടുതൽ സംഖ്യ ഗ്രാന്റായി നൽകണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യം കേന്ദ്ര സർക്കാർ ഇതുവരെ പരിഗണിച്ചിട്ടില്ല. കയറ്റുമതി രംഗത്ത് മാത്രം ആറു ശതമാനം വരുമാനം ഉണ്ടാക്കുന്ന സംസ്ഥാനമാണ് കേരളം. പ്രതിപക്ഷം പറയുന്നതും പ്രവർത്തിക്കുന്നതും ഒന്നല്ല. ഒരു ടെൻഡർ നടപടിയും പാലിക്കാതെയാണ് പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ നടത്തിയിരുന്നത്. പല പ്രവൃത്തികൾക്കും എഗ്രിമെന്റ് പോലും വച്ചിട്ടില്ല. എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം വരെയുള്ള തുകയ്ക്കാണ് ചീഫ് എഞ്ചിനീയർ അംഗീകാരം കൊടുക്കുന്നത്. ബാക്കിയുള്ളവ വകുപ്പുമന്ത്രി നേരിട്ടാണ് ചെയ്യുന്നത്. ആ വർക്കുകൾ പോലും ഡിപ്പാർട്ടുമെന്റലായാണ് ചെയ്തിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സപ്ലൈകോ അരിയും പയറും വാങ്ങിയതിൽ കോടിക്കണക്കിന് രൂപയുടെ ആക്ഷേപമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ഇക്കാര്യം സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം

ആവശ്യപ്പെട്ടിട്ടുണ്ട്. അഴിമതിയുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളും ഈ ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. കെ.എസ്.ടി.പി കരാർ വ്യവസ്ഥ പ്രകാരം ഭൂമി ഏറ്റെടുത്തു കൊടുക്കുന്നതിന് കാലതാമസം വരുത്തിയതുമൂലം 738 കോടിരൂപയുടെ അധിക ബാദ്ധ്യതയാണ് ഈ സംസ്ഥാനത്തിന് താങ്ങേണ്ടിവന്നത്. ക്യാബിനറ്റിൽപോലും ചർച്ചചെയ്യാതെ കരാർ പുതുക്കിക്കൊടുക്കാനുള്ള തീരുമാനമെടുത്തു. ബാങ്ക് ഗ്യാരന്റി പിൻവലിക്കണമെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കുകയും പ്രവൃത്തിക്ക് കാലതാമസം ഉണ്ടായപ്പോൾ ലിക്വിഡേഷൻ ഡാമേജ് ഈടാക്കാനുള്ള സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശം പൂർണ്ണമായും അവഗണിക്കുകയുമാണ് ചെയ്തത്. സാമ്പത്തിക നേട്ടം നോക്കിയാണ് കൺസൾട്ടന്റ്സിനെ മാറ്റിയത്. സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക സഹകരണബാങ്ക്, കൊല്ലം ജില്ലാ സഹകരണ ബാങ്ക്, തൃശൂർ ജില്ലാ സഹകരണ ബാങ്ക്, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഇവിടെയെല്ലാം രാഷ്ട്രീയ പാർട്ടികൾക്ക് വായ്പ കൊടുത്തത് ക്രിമിനൽ കുറ്റമാണ്. ഈ അഴിമതികളെ സംബന്ധിച്ച് സമഗ്രമായി അന്വേഷിക്കണം.

ശ്രീ. സി.ടി. അഹമ്മദ് അലി: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ശ്രീ. എം. പ്രകാശൻമാസ്റ്റർ ഉന്നയിച്ച ആരോപണങ്ങളെ പൂർണ്ണമായി നിഷേധിക്കുന്നു. ഇന്ത്യയിലെ ഏറ്റവും കൂടുതൽ കമ്മിയുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. സംസ്ഥാനത്തെ സാമ്പത്തിക നില ഓരോ ദിവസവും തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന് ആദ്യം വേണ്ടത് സാമ്പത്തിക ദിശാബോധമാണ്. ഒരു ധവള പത്രം ഇറക്കാൻ സർക്കാർ തയ്യാറാകണം. റവന്യൂ വരുമാനത്തിന്റെ 90

ശതമാനവും പലിശയ്ക്കും ശമ്പളത്തിനുമായി ചെലവാകുന്നത് കുറയ്ക്കാനോ നിയന്ത്രിക്കാനോ സർക്കാർ ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. പദ്ധതിത്തുകയുടെ 35 ശതമാനംപോലും ചെലവഴിക്കാൻ കഴിയാത്ത വകുപ്പുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് അപമാനകരമാണ്. വിൽപ്പന നികുതി ഇനത്തിൽ കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നില്ല. വിദ്യുച്ഛക്തി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക, പാട്ട കുടിശ്ശിക, വെള്ളക്കരം, അബ്കാരി കോൺട്രക്ടർമാരിൽനിന്നുള്ള കുടിശ്ശിക ഇവയൊന്നും പിരിച്ചെടുക്കാതെ സാധാരണക്കാരുടെ മേൽ നികുതി അടിച്ചേൽപ്പിക്കാൻ മുതിരുകയാണ്. അഗതി പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയുള്ള പെൻഷൻ കുടിശ്ശികകൾ കൊടുത്തുതീർക്കാൻ സർക്കാർ മുന്നോട്ടു വരുന്നില്ല. കരാറുകാർക്കുള്ള കുടിശ്ശിക എത്രയുംവേഗം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിന് നീക്കിവച്ചിരിക്കുന്ന തുക ലാപ്സാകാൻ പോവുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ യാതൊന്നും ചെയ്തില്ല. സർക്കാരിന്റെ അനാസ്ഥ കാരണം കോടിക്കണക്കിന് രൂപയുടെ കേന്ദ്ര ഗവൺമെന്റ് പദ്ധതികളാണ് നഷ്ടപ്പെടാൻ പോകുന്നത്. സെൻട്രൽ ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന വഖഫ് ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെട്ട് ജീവനക്കാരെ നിയമിക്കാൻ പോലും നിയന്ത്രണമേർപ്പെടുത്തിയിരിക്കുകയാണ്. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തെ അഡ്മിഷൻ സംബന്ധിച്ച അനശ്ചിതത്വം അവസാനിപ്പിക്കാൻ തീരുമാനമെടുക്കണം. റോഡ് നിർമ്മാണ ത്തിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. ഗൾഫ് മലയാളികളെ

സംബന്ധിച്ചിടത്തോളം, അടിക്കടി വർദ്ധിപ്പിക്കുന്ന വിമാന ചാർജ്ജ് കുറയ്ക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. ഇവരുടെ തീരുമാനമാകാതെ കിടക്കുന്ന പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരമുണ്ടാക്കണം. വരൾച്ചയെ നേരിടാൻ ഈ ഗവൺമെന്റ് കാര്യമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പുതിയ സ്കൂളുകളും കോളേജുകുകളും അനുവദിക്കുന്നതിന് അടിയന്തിര നടപടി ആവശ്യമാണ്. വരൾച്ചയെ നേരിടുന്നതിനും വില വർദ്ധനവ് ക്രമീകരിക്കുന്നതിനും അനാഥശാലകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിന് തുക കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം. ഈ സഭ പാസ്സാക്കിയ പി.ഡബ്ല്യൂ.ഡി. കോഡിനും മാനുവലിനും വിരുദ്ധമായി പൊതുമരാമത്ത് വകുപ്പ് പ്രവർത്തിച്ചിട്ടില്ല. അന്നത്തെ പ്രതിപക്ഷ എം.എൽ.എ. മാരുടെ കത്തുകൾക്ക് മുൻതൂക്കം കൊടുത്താണ് അടിയന്തിര വർക്കുകൾ ചെയ്തിട്ടുള്ളതെന്നതിന് തെളിവായി അവർ നൽകിയിട്ടുള്ള കത്തുകൾ ഹാജരാക്കാൻ തയ്യാറാണ്. നിലവിലുള്ള കോഡുകളും മാനുവലുകളും പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തണം. കെ.എസ്.ടി.പി. റോഡുകൾക്ക് സ്ഥലം ഏറ്റെടുക്കാതെയാണ് യോഗ്യതാ ടെണ്ടർ എൽ.ഡി.എഫ്. സർക്കാർ ക്ഷണിച്ചത്. ഒട്ടേറെ റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. കാസർഗോഡ് പോലീസ് ഭീകരവാഴ്ചയാണ് നടത്തുന്നത്. സംഘട്ടനത്തെത്തുടർന്ന് ആശുപത്രിയിലായ വിദ്യാർത്ഥികളെ ഡിസ്ചാർജ് ആകുന്നതിനുമുൻപ് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിരിക്കുകയാണ്. മുസ്ലീം ലീഗിനേയും എം.എസ്.എഫ്. നേയും തകർക്കാനാണ് ഉദ്ദേശമെങ്കിൽ അതിനെ ശക്തമായി നേരിടുന്നതാണ്. ഇക്കാര്യത്തിൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ ഒരന്വേഷണത്തിന്

സർക്കാർ തയ്യാറാകണം. രാഷ്ട്രീയ പ്രേരിതമായ നയം ഈ സർക്കാർ ഉപേക്ഷിക്കണം.

<u>ശ്രീ. പള്ളിപ്രം ബാലൻ:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേരളത്തിലെ സാമ്പത്തികസ്ഥിതി സാധാരണ നിലയിലേയ്ക്ക് കൊണ്ടുവരുന്നതിന് തുടക്കംകുറിച്ച ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. മുൻഗണനാക്രമം നിശ്ചയിച്ച് സാമ്പത്തികനേട്ടം കൈവരിക്കാൻ കഴിയുന്ന മേഖലകളിൽ സമ്പത്ത് വിനിയോഗിക്കാൻ ശ്രമിക്കണം. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഉതകുന്ന നടപടികളാണ് ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളത്. കേരളത്തിന്റെ വളർച്ചയ്ക്ക് സഹായകരമാംവിധം ക്ഷേമ, വികസന പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന്, പദ്ധതി പ്രവർത്തനം ജനങ്ങൾക്ക് സഹായകരമായ രീതിയിൽ എത്തിയാൽ മാത്രമേ ഉദ്ദേശിക്കുന്ന സാമ്പത്തിക വിജയം കൈവരിക്കാൻ സാധിക്കുകയുള്ളൂ കേരളത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് പ്രഖ്യാപിച്ച നടപടികൾ താഴെത്തട്ടിൽ എത്തിക്കുന്നതിന് ഉദ്യോഗസ്ഥ വൃന്ദത്തെ വിനിയോഗിക്കാൻ സാധിക്കണം. പദ്ധതി പ്രവർത്തനം നടത്തുന്നത് ബ്യൂറോക്രസിയെ ജനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടാവണം. ഇടതുപക്ഷ ജനാധിപത്യമുന്നണി കാർഷിക-വ്യാവസായിക-പരമ്പരാഗത മേഖലകളുടെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വലിയ പങ്ക് വഹിക്കുകയും അധികാരം വികേന്ദ്രീകരിച്ച് കൂട്ടായ്മയിലൂടെ കേരളത്തിന്റെ വികസനത്തെ മുന്നോട്ടുകൊണ്ടുപോവുകയും ചെയ്തിട്ടുണ്ട്. തെറ്റുകൾ വന്നാൽ അത് തിരുത്തി മുന്നോട്ടുപോകാൻ എന്നും സർക്കാർ ശ്രമിക്കുന്നുണ്ട്. കേരളത്തിന്റെ പുരോഗതിക്കു സഹായകമായ നയങ്ങൾ മാത്രമേ എല്ലാകാലത്തും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളൂ.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ദയനീയമായ സാമ്പത്തിക സ്ഥിതിയുമായാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. രാജ്യത്തെ നല്ല രീതിയിൽ മുന്നോട്ടു നയിക്കാൻ വിഭവസമാഹരണം ഉണ്ടാകണം. വരുമാനം വർദ്ധിപ്പിക്കാനുള്ള യാതൊരു ശ്രമവും ഈ ഗവണ്മെന്റ് നടത്തുന്നില്ലെന്നുമാത്രമല്ല ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാന സ്രോതസ്സുകൾ പോലും ഇല്ലാതാക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു വലിയ വരുമാന സ്രോതസ്സായ കേരള ലോട്ടറിയെ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള ഒരു ശ്രമവും ഈ ഗവണ്മെന്റ് നടത്തുന്നില്ല. അന്യസംസ്ഥാന ലോട്ടറി വിൽപ്പനയിലൂടെ കോടിക്കണക്കിനു രൂപയുടെ അഴിമതിയാണ് ഇവിടെ നടക്കുന്നത്. ലോട്ടറീസ് ആക്ടിലെ വ്യവസ്ഥകൾ പാലിക്കാതെ കേരളത്തിൽ പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ നടപടിയെടുക്കുമെന്ന് പറയുന്നതല്ലാതെ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ലോട്ടറി വിവാദം സംബന്ധിച്ചുള്ള വിജിലൻസ് റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടില്ല. ഈ ഗവണ്മെന്റ് വന്നതിനുശേഷം രണ്ട് അന്യ സംസ്ഥാന ലോട്ടറികൾക്കുകൂടി രജിസ്ട്രേഷൻ കൊടുത്തിരിക്കുന്നു. അന്യസംസ്ഥാന ലോട്ടറി മാഫിയ സംസ്ഥാനത്തുനിന്നും പ്രതിദിനം ഇരുപത്തിരണ്ടരക്കോടി രൂപ കടത്തിക്കൊണ്ടുപോകുന്നു എന്നാണ് അന്വേഷണ റിപ്പോർട്ടിൽ പറയുന്നത്. ഖജനാവിലേയ്ക്ക് കിട്ടാനുള്ള പണം ഇല്ലാതാക്കുന്ന നടപടി അവസാനിപ്പി ക്കണം. സുപ്രീംകോടതിയിലുള്ള ലോംഗ് പെന്റിംഗ് കേസ്സുകൾ തീർപ്പാക്കാനുള്ള ഒരു നടപടിയും സ്വീകരിക്കുന്നില്ല.

<u>ശ്രീ. കെ.പി. മോഹനൻ</u> : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. നാല് മാസത്തെ ചെലവുകൾ നിർവ്വഹിക്കുവാൻ വേണ്ടിയാണ് ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത്. തുടക്കത്തിൽ കുറ്റങ്ങളും കുറവുകളുമൊക്കെ ഏതു സർക്കാരിനും ഉണ്ടാകും. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലം മുഴുവൻ അഴിമതിയായിരുന്നു. ഈ ഗവണ്മെന്റ് ജനോപകാരപ്രദമായ നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. കാസർകോ ട്ടുകാരുടെ സ്വപ്നമായ വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കാൻവേണ്ടി ഈ ഗവണ്മെന്റ് ബഡ്ജറ്റിൽ തുക വകയിരുത്തി. 7 നിയോജകമണ്ഡലങ്ങളിൽ മിനി സിവിൽസ്റ്റേഷൻ അനുവദിച്ചു. ഈ ഗവണ്മെന്റ് വരൾച്ചയെ ഗൗരവത്തോടുകൂടി കാണണം. വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചാൽ കാര്യങ്ങൾ നടക്കുകയില്ല. പഞ്ചായത്തുകൾക്ക് ഫണ്ട് നൽകി വരൾച്ചയെ നേരിടുന്നതിനുള്ള നടപടി സ്വീകരിക്കണം. മുനിസിപ്പാലിറ്റികളിലും നഗര പ്രദേശങ്ങളിലുമുള്ള കാലപ്പഴക്കംച്ചെന്ന പൈപ്പ് ലൈനുകൾ മാറ്റി ക്വാളിറ്റിയുള്ളവ സ്ഥാപിക്കണം. ദേവസ്വം വകുപ്പിനുവേണ്ടി ബഡ്ജറ്റിൽ ഒരു പ്രത്യേക ഹെഡ് ഉൾപ്പെടുത്തണം. ജീർണ്ണിച്ചതും പഴകിയതുമായ ക്ഷേത്രങ്ങളും ആരാധനാലയങ്ങളും പുതുക്കിപ്പണിയുന്നതിന് പണം നീക്കിവയ്ക്കണം. ദേവസ്വം വകുപ്പിൽ നല്ല രീതിയിലുള്ള ഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തണം. ആരോഗ്യ-സാംസ്ക്കാരിക-വിദ്യാഭ്യാസ രംഗങ്ങളിലെന്നപോലെ മറ്റുരംഗങ്ങളിലും ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങളു മായാണ് ഈ ഗവണ്മെന്റ് മുന്നോട്ടു പോകുന്നത്.

<u>ശ്രീമതി കെ.കെ. ലതിക</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് എല്ലാ മേഖലക

ളിലും അഴിമതി യായിരുന്നു. ആഗോളവൽക്കരണത്തിന്റെ യാഥാർത്ഥ്യം ഉൾക്കൊണ്ടു കൊണ്ട് ജനക്ഷേമകരമായ ഒട്ടേറെ പ്രവർത്തനങ്ങളുമായാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. കേന്ദ്രഗവണ്മെന്റിന്റെ തെറ്റായ സാമ്പത്തിക നയംമൂലമുണ്ടായ വിലക്കയറ്റത്തെ പിടിച്ചുനിറുത്താൻ സഹായിക്കുന്ന, ദിശാബോധം നൽകുന്ന. ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ഈ ബഡ്ജറ്റിലൂടെ ധാരാളം പ്രോൽസാഹനം നൽകുന്നുണ്ട്. പല പദ്ധതികൾക്കും അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ പറ്റാത്ത അവസ്ഥയ്ക്ക് മാറ്റം വരുത്തണം. കുടുംബശ്രീയെ കുറച്ചുകൂടി ശക്തിപ്പെടുത്താൻ വേണ്ടി ചർച്ചകളും മറ്റും ആവശ്യമാണ്. സ്ത്രീകളുടെ സാമൂഹ്യപദവി ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കണം. മലബാറിനെ അവഗണിക്കുന്നു എന്ന പരാതിക്ക് പരിഹാരം കാണണം. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പൊളിച്ചെഴുതണം. ഉദ്യോഗസ്ഥർക്ക് ശമ്പള വർദ്ധനവിനും പ്രൊമോഷനും എഫിഷ്യൻസി ടെസ്റ്റ് ബാധകമാക്കണം. വിദഗ്ദ്ധരുടേയും സർവ്വീസ് സംഘടനകളുടേയും അഭിപ്രായങ്ങളും ചർച്ചകളും സ്വരൂപിച്ച് ഉദ്യോഗസ്ഥതലത്തിൽ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കണം. ഉദ്യോഗസ്ഥർ ജനസേവകരായി മാറണം. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളിൽപ്പെട്ടവർക്ക് അവാർഡുകൾ ഏർപ്പെടുത്തണം.. അഴിമതി കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എല്ലാ മേഖലയിലും കൊണ്ടുവരണം.. സമാന സ്വഭാവമുള്ള വകുപ്പുകളെ ഏകീകരിക്കുകയോ സംയോജിപ്പിക്കുകയോ ചെയ്യാൻ കഴിയുമോയെന്ന് ആലോചിക്കണം.. അധികാരവികേന്ദ്രീകരണം, കുടുംബശ്രീ

സംവിധാനം തുടങ്ങിയവ ഉൾപ്പെടെ കഴിഞ്ഞ പത്ത് മാസക്കാലമായി എൽ.ഡി.എഫ്. പ്രകടന പത്രിയികയിൽ പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് നടപ്പാക്കുകയാണ്. കർഷക കടാശ്വാസ കമ്മിഷൻ ബിൽ, സ്വാശ്രയ വിദ്യാഭ്യാസ ബിൽ എന്നിവ പാസ്സാക്കിയതുൾപ്പെടെ ഓരോ വകുപ്പും അഴിമതിരഹിതമായി മാറ്റുന്നതിനും ഈ ഗവണ്മെന്റിനു കഴിഞ്ഞു. 3693 അംഗൻവാടികൾ ആരംഭിക്കുമെന്നുള്ള പ്രഖ്യാപനം മാത്രമല്ല, അംഗൻവാടിയിലെ ഹെൽപ്പർമാർക്കും വർക്കർമാർക്കും ശമ്പളവർദ്ധനവ് നൽകിയതും ഈ ഗവൺമെന്റാണ്. വനിതാ കമ്മിഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നിവ പുന:സംഘടിപ്പിച്ചതിലൂടെ സ്ത്രീകളുടെ സംരക്ഷണത്തിനുള്ള അനുകൂല സാഹചര്യം സംസ്ഥാനത്ത് ഉണ്ടാക്കാൻ കഴിഞ്ഞു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ശരാശരി പാലുൽപ്പാദനം വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ കേരളത്തിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 10 വർഷങ്ങളായി ഇൻഡ്യയിലെ പെർ ക്യാപ്പിറ്റ മിൽക്ക് കൺസംപ്ഷൻ വർദ്ധിച്ചു. എന്നാൽ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ കേരളത്തിന്റെ പെർ ക്യാപ്പിറ്റ അവൈലബിലിറ്റി ഓഫ് മിൽക്ക് ആൾ ഇൻഡ്യ ആവറേജിനേക്കാൾ കുറയുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് ഇൻസിമിനേഷൻ ചാർജ്ജ് ഇരട്ടിയാക്കിയത് പാലുൽപ്പാദനത്തെ ബാധിച്ചിട്ടുണ്ട്. കേരളത്തിന്റെ ദിനംപ്രതിയുള്ള പാലുൽപ്പാദനം ഇപ്പോൾ 20 ലക്ഷം ലിറ്ററായി കുറഞ്ഞു. പ്ളാനിംഗ് ബോർഡ്, അനിമൽ ഹസ്ബന്ററി,

ഡയറി എന്നിവയ്ക്കുള്ള വിഹിതം വെട്ടിക്കുറച്ചതും എംബ്രിയോ ട്രാൻസ്–പ്ളാന്റിംഗ് പ്രോഗ്രാം റദ്ദാക്കിയതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. കേരളത്തിലെ പത്ത് ലക്ഷത്തോളം വരുന്ന പാവപ്പെട്ട കർഷകർ ആശ്രയിക്കുന്ന പശുവളർത്തൽ മേഖല ഇന്ന് തകർന്നുകൊണ്ടിരിക്കുന്നു. കാലിത്തീറ്റയ്ക്ക് വില വർദ്ധിക്കുകയും പാലിന്റെ വില കൂടാതിരിക്കുകയും ചെയ്തതിനാൽ പശുവളർത്തലിൽ കർഷകർ ആമുഖ്യം കാണിക്കുന്നില്ല. മലബാർ മിൽക്ക് യൂണിയൻ പാലിന് വേനൽക്കാല ഇൻസന്റീവായി ഒരു രൂപ കൊടുക്കുന്ന സംവിധാനം തിരുവനന്തപുരത്തും എറണാകുളത്തുമുള്ള മിൽക്ക് യൂണിയനുകളിലും ഏർപ്പെടുത്തണം. കാലിത്തീറ്റയുടെ വില 50 രൂപ കുറയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടുവരുന്നതിനേക്കാൾ നല്ലയിനം എരുമകളെ കേരളത്തിൽ കൊണ്ടുവന്ന് ഇവിടത്തെ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. യു. സി. രാമൻ : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ന്യൂനപക്ഷങ്ങൾക്കെതിരായ നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. പ്രീ–ഡിഗ്രി, പി. ജി. കോഴ്സുകൾക്കുണ്ടായിരുന്ന 20 ശതമാനം സംവരണം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് റദ്ദ് ചെയ്തു. മദ്രസകളിൽ നടത്തുന്ന വിദ്യാഭ്യാസം അട്ടിമറിക്കുന്നതിനുള്ള ശ്രമമാണ് സ്കൂളുകളിലെ പഠനസമയ പരിഷ്ക്കരണത്തിലൂടെ നടത്തുന്നത്. പുതിയ മദ്യനയത്തിൽ കേരളം മുങ്ങിച്ചാകുന്ന അവസ്ഥയിലാണ് എത്തിനിൽക്കുന്നത്. എൽ.കെ.ജി. മുതൽ എൽ.എൽ.ബി. വരെയുള്ള ക്ളാസ്സുകളിലെ ചോദ്യപ്പേപ്പറുകൾ ചോർന്നുകൊണ്ടിരിക്കുന്നു. വാറ്റ്,

ലോട്ടറി, സ്പോർട്ട്സ് ലോട്ടറി എന്നിവയ്ക്ക് ലക്ഷ്യം കാണാൻ സാധിച്ചിട്ടില്ല. കേരളത്തിലെ വയലുകൾ മണ്ണിട്ട് നികത്തുന്നതിനെതിരെ നടപടി സ്വീകരിക്കുന്നില്ല. സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിലും കലാലയങ്ങളിലും നിത്യവും സംഘർഷമാണ്. മലപ്പുറം ജില്ലയിൽ സാമുദായിക സംഘർഷം ഉൾപ്പെടെ നടന്നുകൊണ്ടിരിക്കുകയാണ്. സമാധാനാന്തരീക്ഷം സ്ഥാപിക്കുന്നതിന് പോലീസിന്റെ ഭാഗത്തുനിന്ന് കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാകുന്നില്ല. ഈ ഗവൺമെന്റ് എസ്.സി./എസ്.ടി വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് ലാപ്സാക്കുകയും അവർക്കായുള്ള ഭവനനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ചവരുത്തുകയുമാണ് ചെയ്യുന്നത്. എസ്.സി./എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്കുള്ള പല വിദ്യാഭ്യാസ ആനുകൂല്യങ്ങളും മുടങ്ങിക്കിടക്കുകയാണ്. എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് പത്ത് മാസമായി ശമ്പളം കൊടുക്കുന്നില്ല. ജയിലുകളിൽ നല്ല ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ സാമൂഹ്യ സാമ്പത്തിക പരിഷ്ക്കരണത്തിനും വികസന പ്രവർത്തനങ്ങൾക്കും ശാസ്ത്രീയ അടിത്തറയുള്ള ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. 2010-11 ആകുമ്പോൾ റവന്യൂ കമ്മി ഇല്ലാതാക്കാൻ കഴിയും. പാവപ്പെട്ടവരെ ദ്രോഹിക്കാതെയാണ് വിഭവ സമാഹരണം നടത്തിയിട്ടുള്ളത്. ശമ്പള പരിഷ്ക്കരണവും മറ്റ് പലവിധ കുടിശ്ശികകളും ഏറ്റെടുത്തതിലൂടെയാണ് ഗവൺമെന്റിന് അധിക ബാധ്യതയുണ്ടായത്. കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെ പരമ്പരാഗത വ്യവസായ മേഖലയിലെ കുടിശ്ശിക കൊടുക്കാൻ നടപടി

സ്വീകരിച്ചത് സ്വാഗതാർഹമാണ്. സാമൂഹ്യനീതിയും കർമ്മബോധവുമാണ് ഈ സർക്കാരിന്റെ നയം. ഖാദിവസ്ത്രം ആരോഗ്യപരമായി മനുഷ്യർക്ക് ഗുണം ചെയ്യുമെന്ന് ശാസ്ത്രീയമായി തെളിഞ്ഞ സാഹചര്യത്തിൽ അതിന്റെ വികസന സാധ്യതകൾ മെച്ചപ്പെടുത്തണം. വാറ്റ് നടപ്പാക്കിയതോടെ പ്രതിസന്ധിയിലായിരിക്കുന്ന തൃശ്ശൂർ സെൻട്രൽ ഫൈബർ പ്ളാന്റിലെ പതിനായിരക്കണക്കിന് ജീവനക്കാരെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. ഖാദി മേഖലയിൽ ഗോൾഡൻ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഖാദി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് അനുവദിക്കണം. ഖാദി വസ്ത്രം ധരിക്കുന്നതിനുള്ള പ്രചരണം ശക്തിപ്പെടുത്തണം. പഴക്കുമുള്ള തറികളും ചർക്കകളും നീക്കം ചെയ്ത് ആധുനികവൽക്കരിച്ച് ഈ മേഖലയെ രക്ഷിക്കണം. അഴീക്കൽ തുറമുഖത്തിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കണം. കണ്ണൂർ വിമാനത്താവള നിർമ്മാണ നടപടികൾ ശക്തിപ്പെടുത്തണം. ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ സെന്റർ മാർച്ച് 31-നകം പ്രവർത്തനമാരംഭിക്കാൻ നടപടി സ്വീകരിക്കണം. നിർദ്ദിഷ്ട സ്പോർട്ട്സ് കോംപ്ളക്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഇടക്കാട് പഞ്ചായത്തിൽ തോട്ടട എന്ന സ്ഥലത്ത് കണ്ടെയ്നർ ചരക്ക് കേന്ദ്രത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. വൈവിദ്ധ്യവൽക്കരണമുൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി ബീഡി വ്യവസായ മേഖലയിലെ തൊഴിലാളികളെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ലക്ഷ്യബോധത്തോടെയുള്ള ബഡ്ജറ്റ് അവതരിപ്പിച്ചതിലൂടെ

ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കാനാകുമെന്ന് കേരള ജനത വിശ്വസിക്കുന്നു. ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് ആയിരംകോടി രൂപ വകയിരുത്തിയിട്ടുണ്ട്. കർഷകരെ സഹായിക്കുന്നതിന് കേരശ്രീ, കേരളശ്രീ എന്നീ പദ്ധതികൾ കൊണ്ടുവന്നു. കൈത്തറി, കയർ, മൽസ്യ മേഖലകളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചു. കർഷക കടാശ്വാസ നിയമവും സമ്പൂർണ്ണ പാർപ്പിട പദ്ധതിയും നടപ്പാക്കി. മലപ്പുറം ജില്ലയ്ക്ക് കൂടുതൽ വിഹിതം ബഡ്ജറ്റിലുണ്ട്. ചമ്രവട്ടം റഗുലേറ്റർ–കം–ബ്രിഡ്ജ് ഉടൻതന്നെ പ്രാവർത്തികമാകും. ഹജ്ജ് ഹൗസ് സ്ഥാപിക്കുന്നതിനും പരപ്പനങ്ങാടിയിൽ ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനും ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു.

ശ്രീ. വർക്കല കഹാർ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കഴിഞ്ഞ 10 മാസക്കാലത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഭരണം സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും വിരോധം സമ്പാദിക്കുക മാത്രമാണ് ചെയ്തത്. എ.ഡി.ബി.– വായ്പയ്ക്കെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ച് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി, വ്യവസ്ഥയിൽ യാതൊരു മാറ്റവും വരുത്താതെ ഇപ്പോൾ അതിനെ അംഗീകരിക്കുകയാണുണ്ടായത്. പബ്ളിക്ക് വാട്ടർ ടാപ്പുകൾക്ക് മീറ്റർ വയ്ക്കാനുള്ള വാട്ടർ അതോറിറ്റിയുടെ തീരുമാനം പ്രതിഷേധാർഹമാണ്. പൊതുജനാരോഗ്യമേഖലയിൽ പ്രസ്താവനകളല്ലാതെ മറ്റൊന്നും നടക്കുന്നില്ല. ജീവൻരക്ഷാ മരുന്നുകളുടെ വില അമിതമായി വർദ്ധിപ്പിക്കുന്നതുമൂലം സർക്കാർ ആശുപത്രികളിൽ ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ബി.പി.എൽ. കാർഡുടമകൾക്കെല്ലാം

ഗവണ്മെന്റ് ആശുപത്രികളിൽ സൗജന്യചികിൽസ അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയണം. കേന്ദ്രാവിഷ്കൃത പദ്ധതികളെ സംസ്ഥാന പദ്ധതികളായി പ്രഖ്യാപിക്കുന്നതിനോട് യോജിക്കാനാവില്ല. കർഷക ആത്മഹത്യയുടെ പേര് പറഞ്ഞ് അധികാരത്തിൽ വന്ന ഗവണ്മെന്റിന് ഈ മേഖലയിൽ ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ കഴിയുന്നില്ല. പഞ്ചായത്ത്, വില്ലേജാഫീസുകൾ, സർക്കാരാശുപത്രികൾ, സ്ക്കൂൾ കെട്ടിടങ്ങൾ എന്നിവയ്ക്ക് അർഹതപ്പെട്ട സഹായങ്ങൾ എ.ഡി.ബി. വായ്പയുടെ പേരിൽ നഷ്ടപ്പെടുത്താൻ ശ്രമിക്കുന്നത് ശരിയല്ല. കേരളത്തിലെ മൽസ്യത്തൊഴിലാളികളേയും ചെറുപ്പക്കാരേയും വഞ്ചിച്ച ഒരു ഗവണ്മെന്റാണിത്.

<u>ശ്രീ. തോമസ് ചാണ്ടി:</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഇടതുപക്ഷ കക്ഷികൾ നേതൃത്വം കൊടുക്കുന്ന ഗവണ്മെന്റിനെ വലിയ പ്രതീക്ഷയോടുകൂടിയാണ് കേരളത്തിലെ ജനങ്ങൾ കാണുന്നത്. ഇന്ന് പാവങ്ങളുടെ സാമൂഹ്യപശ്നമായി മാറിയിരിക്കുന്ന പാർപ്പിടപ്രശ്നം പരിഹരിക്കാൻ നയാപൈസപോലും വകയിരുത്തിയിട്ടില്ലെന്നത് ശ്രദ്ധേയമാണ്. മൈത്രി ഭവന പദ്ധതിയുടെ മാതൃകയിൽ കുട്ടനാട്ടിലുള്ള പാവപ്പെട്ടവരുടെ പാർപ്പിടപ്രശ്നം പരിഹരിക്കാൻ ഗവണ്മെന്റ് മുന്നോട്ടുവരണം. നാടിന്റെ വികസനം സാധ്യമാക്കാൻ എക്സ്പ്രസ്സ് ഹൈവേയ്ക്ക് അടിയന്തിരപ്രാധാന്യം കൊടുത്ത് ഈ വർഷം തന്നെ അതിന് തുടക്കം കുറിക്കുന്നതിന് നടപടി സ്വീകരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന തരത്തിലുള്ള ടെക്നോളജി വികസിപ്പിച്ചെടുക്കാൻ തയ്യാറാകണം. അനധികൃത മദ്യവ്യാപാരം നിയന്ത്രിക്കണം. മെഡിക്കൽ –എൻജിനീയറിംഗ് മേഖലകളിൽ

സ്വാശ്രയ കോളേജുകളുടെ നടത്തിപ്പിനാവശ്യമായ നിയമനിർമ്മാണത്തെ ക്കുറിച്ച് മുൻകൂർ ചർച്ച ചെയ്ത് വ്യക്തമായ ഒരു പ്ളാനിംഗ് ഉണ്ടാക്കി വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്കായി മുന്നോട്ടുപോകാൻ ഗവണ്മെന്റ് തയ്യാറാകണം.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ നടുവിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നത്. സാമ്പത്തിക മാനേജ്മെന്റ് ശരിയാക്കുക എന്ന ലക്ഷ്യത്തോടുകൂടി വരുമാനം വർദ്ധിപ്പിക്കാനും ചെലവുകൾ നിയന്ത്രിക്കാനുമുള്ള നടപടികൾ സ്വീകരിക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചിട്ടുണ്ട്. പുതിയ നികുതി നിർദ്ദേശങ്ങളോ അധിക സാമ്പത്തിക ബാധ്യതയോ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാതെ നികുതി കൃത്യമായി പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചത്. വികസന പ്രവർത്തനങ്ങൾക്കും സാമൂഹ്യ ക്ഷേമപദ്ധതികൾക്കും ആവശ്യമായ തുക നൽകി പരമാവധി ചെലവ് ചുരുക്കി 2011 ആകുമ്പോൾ റവന്യൂ കമ്മിയില്ലാതാക്കുക എന്ന ഈ ഗവണ്മെന്റിന്റെ ലക്ഷ്യത്തെ സ്വാഗതം ചെയ്യുന്നു. ചെലവ് ചുരുക്കണമെങ്കിൽ സമൂഹത്തിൽ നടമാടിക്കൊണ്ടിരി ക്കുന്ന അഴിമതിയും ധൂർത്തും അവസാനിപ്പിക്കണം. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് നടന്ന അഴിമതികളെല്ലാം പുറത്തുകൊണ്ടുവരാൻ വിജിലൻസും സി.ബി.ഐ.യും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഡ്ജറ്റിൽ നീക്കിവച്ചതിനെക്കാൾ ഇരട്ടി തുക ടെൻഡർ വിളിക്കാതെയും റിവൈസ്ഡ് എസ്റ്റിമേറ്റിനെക്കാൾ കൂടുതൽ തുക കൊടുത്തും പൊതുമരാ

മത്ത് വകുപ്പ് വൻതോതിലുള്ള അഴിമതിയാണ് മലപ്പുറം ജില്ലയിലുൾപ്പെടെ നടത്തിയിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സിവിൽ സപ്ളൈസ് കോർപ്പറേഷനിൽ നടന്ന അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിൽ യു.ഡി.എഫ് ഗവൺമെന്റ് ഒന്നും ചെയ്തില്ല. ഈ ഗവൺമെന്റ് അധികാര ത്തിൽ വന്നശേഷം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾ കണ്ടെത്തി അവർക്ക് 50,000 രൂപ വീതം ധനസഹായം കൊടുക്കുകയും കാർഷിക കടം എഴുതിത്തള്ളുകയും ചെയ്തു. കേന്ദ്ര പാക്കേജിൽ നേരത്തെ ഉൾപ്പെടുത്തിയ മൂന്ന് ജില്ലകൾക്കുപുറമേ രണ്ട് ജില്ലകളെക്കൂടി ഉൾപ്പെടുത്തി. കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വരികയും അതനുസരിച്ച് കടം വാങ്ങി ദുരിതമനുഭവിക്കുന്ന കർഷകർക്ക് ആശ്വാസം നൽകുകയും കുറഞ്ഞ പലിശ നിരക്കിൽ ലോൺ കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. നെല്ല് സംഭരണത്തിൽ കാസർഗോഡ് ജില്ലയെക്കൂടി ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. അടയ്ക്കാ കർഷകർക്ക് പ്രത്യേക പാക്കേജ് ഉണ്ടാക്കുകയും മഞ്ഞളിപ്പ് രോഗം തടയാനാവശ്യമായ നടപടി സ്വീകരി ക്കുകയും ചെയ്യണം. ആരോഗ്യ മേഖലയിൽ മെഡിക്കൽ–നഴ്സിംഗ് കോളേജുകളിൽനിന്നും പാസ്സായി പുറത്തുവരുന്നവർ നിർബന്ധമായും ഗ്രാമീണ മേഖലയിൽ ഒരു വർഷത്തെ സേവനം അനുഷ്ഠിക്കാൻ നിയമം കൊണ്ടുവരണം. ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനും ആവശ്യമായ സംവിധാനങ്ങളുണ്ടാകണം. കുട്ടികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിയതിനുപുറമേ 10000 കുട്ടികൾക്ക് ഉച്ചക്കഞ്ഞി കൊടുക്കാനാവശ്യമായ സംവിധാനമുണ്ടാക്കിയത് സ്വാഗതാർഹമാണ്.

വടക്കൻ മേഖലയിലുള്ളവർ സഹർഷം സ്വാഗതം ചെയ്ത ഒന്നാണ് തുളു അക്കാഡമി. കാസർഗോഡ് ജില്ലയിലെയും കർണ്ണാടകയിലെയും പതിനായിരത്തോളം പേർ സംസാരിക്കുന്നതും ന്യൂനപക്ഷ ഭാഷയെന്ന നിലയിൽ അവഗണിക്കപ്പെട്ടിരുന്നതുമായ തുളു ഭാഷയ്ക്ക് അർഹമായ പ്രാധാന്യവും പരിഗണനയും നൽകി സാംസ്ക്കാരിക വകുപ്പിന് ഒരു പുത്തനുണർവ്വ് നൽകിയിരിക്കുകയാണ്. വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ തെക്കൻ ജില്ലകളിലുള്ള വികസനം വടക്കൻ മേഖലകളിലും നടത്താനാവശ്യമായ നടപടി സ്വീകരിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനരഹിതമായി കിടന്നിരുന്ന ആസ്ട്രാൾ വാച്ചസിന്റെ സ്ഥലവും കെട്ടിടവും 'കെൽ'-ന് കൈമാറുകയും അതിന്റെ പ്രവർത്തനം ലാഭകരമാക്കുകയും ചെയ്തു. തെക്കൻ ജില്ലകൾക്കൊപ്പം വടക്കൻ ജില്ലകളും എത്തണമെങ്കിൽ ആ മേഖലകൾക്ക് സ്പെഷ്യൽ പാക്കേജ് പ്രഖ്യപിക്കണം. എൻഡോസൾഫാൻ കീടനാശിനി തളിച്ചതുമൂലം രോഗം വന്ന് മരണടഞ്ഞവരുടെ ആശ്രിതർക്ക് 50,000 രൂപ വീതം ധനസഹായം നൽകുകയും രോഗം ബാധിച്ചവർക്ക് കൊടുക്കുന്നതിനായി 80 ലക്ഷം രൂപ നൽകുകയും ചെയ്തു.

<u>ശ്രീ. കെ. അജിത്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽക്കൂടി കടന്നുപോകുന്ന സമയത്തും പുരോഗമന പ്രവർത്തനം നടത്തുന്നതിനും വികസന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. യു.പി.എ. സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളുടെ ഫലമായി ഭക്ഷ്യക്ഷാമവും വിലക്കയറ്റവും ഉണ്ടായെങ്കിലും സംസ്ഥാന സർക്കാരിന് വിലക്കയറ്റം പിടിച്ചുനിറുത്താനും നിരവധി പുതിയ പദ്ധതികൾ കൊണ്ടു

വരാനും കഴിഞ്ഞിട്ടുണ്ട്. സ്വകാര്യ മേഖലയിലെ അഴിമതിയും മാഫിയാ കൂട്ടുകെട്ടും അവസാനിപ്പിക്കാനും ചന്ദന ഫാക്ടറികളെ പൊതുമേഖലയിൽ തിരിച്ചുകൊണ്ടുവരാനും നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. നഴ്സുമാർ ഒരു വർഷം നിർബന്ധമായും ഗ്രാമീണ മേഖലയിൽ സേവനം അനുഷ്ഠിക്കണമെന്നതും ഒരു നഴ്സിംഗ് സ്കൂൾ സർക്കാർ മേഖലയിൽ തുടങ്ങാൻ തീരുമാനിച്ചതും നല്ല കാര്യമാണ്. സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള "എന്റെ മരം" പദ്ധതിയും ചുമട്ടുതൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള "വഴിയോര തണൽ" പദ്ധതിയും കാർഷിക മേഖലയിൽ കൊണ്ടുവരാൻ പോകുന്ന പുതിയ പദ്ധതികളും അഭിനന്ദനാർഹമാണ്. കടുത്തുരുത്തിയിലെയും മറ്റ് രണ്ട് മണ്ഡലങ്ങളിലെയും ജനങ്ങൾ അനുഭവിക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ ബഡ്ജറ്റിൽ പണം നീക്കിവയ്ക്കണം. സമസ്ത മേഖലകളെയും പരാമർശിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും ആശ്വാസം നൽകുന്ന ഒരു ബഡ്ജറ്റാണിത്.

<u>ശ്രീ. വി.ജെ. തങ്കപ്പൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. വികസനോന്മുഖമായ ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചതെങ്കിലും ഉൽപ്പാദനക്ഷമമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഉൽപ്പാദന മേഖലയിൽ മുതൽമുടക്കുണ്ടെങ്കിലും കുറേ വർഷങ്ങളായി ഉൽപ്പാദനം കുറഞ്ഞു വരുന്നു. ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നത് ലക്ഷ്യമിട്ടുകൊണ്ടായിരിക്കണം സർക്കാരിന്റെ അടുത്ത ഒരു വർഷത്തെ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ഭക്ഷ്യോൽപ്പാദന രംഗത്തെ സമീപനം

പുന:പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി ഉൽപ്പാദന രംഗം മെച്ചപ്പെടുത്തിയാൽ മാത്രമേ സംസ്ഥാനത്തിന് പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. ഉൽപ്പാദനരംഗത്ത് സർക്കാർ കൂടുതൽ ഊന്നൽ നൽകണം. കഴിഞ്ഞ സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നടത്തിയ പകൽക്കൊള്ളയുടെ ഫലമായി തിരുവനന്തപുരത്തെ ബേക്കറി ജംഗ്ഷനിൽക്കൂടിയുള്ള യാത്ര ദുസ്സഹമായിത്തീർന്നിരിക്കുകയാണ് അത് ഈ സർക്കാരിനെതിരെ തിരിച്ചുവിടാനുള്ള ശ്രമമാണ് യു.ഡി.എഫ്. നടത്തുന്നത്. 121 കോടി രൂപ കോസ്റ്റ് ഉള്ള വർക്കിന് തിരിച്ചടയ്ക്കേണ്ടത് 532.47 കോടി രൂപയാണ്. ഇത്തരത്തിൽ തിരുവനന്തപുരം പട്ടണത്തേയും കേരളത്തേയും പണയംവച്ച് ഖജനാവിനെ വികൃതമാക്കിയ അന്നത്തെ ജനപ്രതിനിധികൾക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളണം.

<u>ശ്രീ. കെ. സുധാകരൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഈ ബഡ്ജറ്റിന് ഒരു ബ്യൂറോക്രാറ്റിക് ടച്ച് ഉണ്ട്. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളും അനുവദിച്ച ഫണ്ട് അലോക്കേഷനും തമ്മിൽ താരതമ്യം ചെയ്തുനോക്കിയാൽ അധ:സ്ഥിതർക്കും കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കും തീരദേശവികസനത്തിനും വൈദ്യുതിക്കും ആവശ്യമായ ഒരു ധനസഹായവും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല എന്ന് മനസ്സിലാകും. ഈ ബഡ്ജറ്റിനെ പ്രതീക്ഷയോടെ വീക്ഷിച്ചവർക്ക് നിരാശയാണ് ഫലം. 730 കോടി രൂപയുടെ ബഡ്ജറ്ററി സപ്പോർട്ട് വൈദ്യുതിക്കുവേണ്ടി അനുവദിച്ചുകൊണ്ട് ആ വകുപ്പിനെ ലാഭത്തിലാക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. ഗൾഫ് മലയാളികൾക്കുവേണ്ടി യാതൊന്നും ചെയ്യാൻ ഈ സർക്കാരിന്

കഴിഞ്ഞിട്ടില്ല. ജനപുരോഗതിക്കുവേണ്ടി കൊണ്ടുവന്ന അബ്കാരി നയത്തെക്കുറിച്ച് അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. ഒരു പോളിസി നടപ്പാക്കുമ്പോൾ സംസ്ഥാനത്ത് മുഴുവൻ അത് ബാധകമാക്കണം. അക്കൗണ്ടബിലിറ്റിയില്ലാത്ത വ്യവസായമായതുകൊണ്ടാണ് സഹകരണ മേഖലയിലെ കള്ള് വ്യവസായത്തെ പ്രതിപക്ഷം എതിർക്കുന്നത്. വ്യാജച്ചാരായം നിർലോഭം ഒഴുകുന്ന ഒരു സ്ഥിതിവിശേഷം സംസ്ഥാനത്ത് ഉണ്ടാകാൻ പോകുമെന്നതിനാൽ ഈ അബ്കാരി നയം പുനഃപരിശോധിക്കണം. പുതിയ 1600 ഷാപ്പുകൾക്കാവശ്യമായ കള്ള് കണ്ടെത്താൻ ബുദ്ധിമുട്ടാണ്. അതിന്റെ മറവിൽ സംസ്ഥാനത്ത് വ്യാജച്ചാരായം ഒഴുകുന്ന അവസ്ഥ സംജാതമാകും. ഇത്തരം കള്ളുചെത്ത് സഹകരണ സംഘങ്ങൾവഴി ഇപ്പോൾ അനുബന്ധ വ്യവസായങ്ങളാണ് നടത്തുന്നത്. പുതിയ വ്യവസായത്തിന്റെ അടിസ്ഥാന സൗകര്യത്തിനായി 800 കോടി രൂപ തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിൽ നിന്നും എടുക്കാൻ പോവുകയാണ്. മാഫിയാ സംഘങ്ങളാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത്. സഹകരണ സംഘത്തിന്റെ മറവിൽ നടത്തുന്ന കൊള്ളകൾക്കെതിരെ ഫലപ്രദമായ അന്വേഷണം നടത്തണം. മദ്യ മാഫിയകളെ നിരോധിക്കാനും മദ്യലോബികൾക്കെതിരായി പ്രവർത്തിക്കാനും ഈ സർക്കാർ തയ്യാറാകണം. പുതിയ മദ്യ നയം പിൻവലിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ . ഗുരുദാസൻ): കള്ള് ചെത്ത് വ്യവസായത്തിൽ മാത്രമല്ല, കയർ, കൈത്തറി, കശുവണ്ടി, ഖാദി, ഈറ്റ-പനമ്പ് മേഖലയിലും വ്യവസായ സഹകരണ സംഘങ്ങളുണ്ട്.

പരമ്പരാഗത വ്യവസായത്തിൽ സഹകരണസംഘങ്ങൾ ഉണ്ടാക്കാൻ പാടില്ല എന്നു പറഞ്ഞാൽ അത് ആർക്കും അംഗീകരിക്കാൻ സാധിക്കില്ല. കണ്ണൂർ, കോഴിക്കോട്, കാസർകോട് എന്നിവിടങ്ങളിലെ മൂന്ന് റെയ്ഞ്ചുകളും എറണാകുളത്തെ 3 റെയ്ഞ്ചുകളുമാണ് സഹകരണ സംഘങ്ങൾക്ക് കൊടുക്കുന്നത്. സഹകരണ സംഘങ്ങളിലെ 100 ശതമാനം അംഗങ്ങളും വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്ത അംഗീകൃത തൊഴിലാളികളാണ്. ആ അംഗീകൃത തൊഴിലാളികളടങ്ങുന്ന സഹകരണ സംഘങ്ങൾക്കാണ് ഷാപ്പുകൾ കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. സഹകരണ മേഖലയെ പ്രോൽസാഹിപ്പിക്കുന്ന ഒരു ഗവൺമെന്റാണിത്. പരമ്പരാഗത വ്യവസായ മേഖലകളിലുള്ളതുപോലെ കള്ളുചെത്ത് വ്യവസായത്തിലും സഹകരണപ്രസ്ഥാനം പ്രവർത്തിക്കണം. ഭൂരിപക്ഷം സംഘങ്ങളും കഴിഞ്ഞ പ്രാവശ്യം നല്ല ലാഭത്തിൽ പ്രവർത്തിച്ചവയാണ്. ഈ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ മാത്രം സഹകരണസംഘങ്ങൾ ഷാപ്പുകൾ നടത്തുന്നതിൽ എന്തെങ്കിലും അപാകതയുള്ളതായി കരുതുന്നില്ല. ഈ ഗവൺമെന്റ് കൊടുക്കാൻ തീരുമാനിച്ച എല്ലാ സഹകരണസംഘങ്ങളും ലാഭത്തിൽ പ്രവർത്തിച്ചവയും. തൊഴിലാളികൾക്ക് എല്ലാ അവകാശങ്ങളും നൽകിയിട്ടുള്ളവയുമാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ ഷാപ്പുകൾ പുന:സ്ഥാപിക്കണമെന്നത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളി സംഘടനകളുടേയും ആവശ്യമാണ്. മദ്യമാഫിയക്കെതിരായി കണ്ണൂർ, കാസർകോഡ്, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലും ശക്തമായ നടപടികൾ സ്വീകരിച്ചു. ഇല്ലിസിറ്റ്

ലിക്വറിനെതിരായി ശക്തമായ പോരാട്ടം നടത്താൻ ഈ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. 50 തെങ്ങുചെത്തെങ്കിലുമില്ലാതെ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നത് പ്രായോഗികമല്ല. കള്ളുചെത്തുള്ള കള്ളുഷാപ്പുമാത്രം മതി എന്നുള്ള തീരുമാനമാണ് ഈ ഗവണ്മെന്റ് എടുത്തിട്ടുള്ളത്. കോംപൗണ്ടിംഗിനെ സംബന്ധിച്ച് ധാരാളം കേസുകൾ കോടതിയിൽ കെട്ടിക്കിടക്കുന്നതുകൊണ്ട്.. വിശദമായ ചർച്ചയ്ക്കുവിധേയമാക്കി മാത്രമേ കോംപൗണ്ടിംഗിന്റെ പരിധി തീരുമാനിക്കുകയുള്ളൂ. കുറ്റവാളികളെ രക്ഷപ്പെടുത്തുന്ന കോംപൗണ്ടിംഗ് സംപ്രദായം നടപ്പിലാക്കാൻ ഈ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല. വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിപണനവും വ്യാപനവും ശക്തമായി തടയാനും കള്ളുഷാപ്പുകളിൽ നല്ല കള്ളുമാത്രം വിതരണം ചെയ്യാനും ചെറുകിട വ്യവസായികൾക്ക് സംരക്ഷണം നൽകാനും കുത്തക അവസാനിപ്പിക്കാനും ഉതകുന്ന ഒരു മദ്യനയമാണുള്ളത്. മദ്യാസക്തി കുറയ്ക്കാനും മദ്യവർജ്ജനത്തിനുവേണ്ടി പ്രചരണം നടത്താനും ഈ ഗവണ്മെന്റ് തയ്യാറാണ്. അതിന് പ്രതിപക്ഷത്തിന്റെ സഹകരണം കൂടി അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u> : ഈ ബഡ്ജറ്റ് പ്രതിപക്ഷത്തെ ഏറെ വിഷമത്തിലാക്കിയിരിക്കുകയാണ്. ആഗോള വൽക്കരണ കാലഘട്ടത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ആഗോളവൽക്കരണം എൻഗേജ് ചെയ്യുന്നതിന് രണ്ടു വശങ്ങളുണ്ട്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ഹൗസിംഗ് ബോർഡിന്റെ അലോക്കേഷൻ ഒന്നുമില്ലായിരുന്നു. ഈ ഗവണ്മെന്റ് പാർപ്പിട രംഗത്തെ

പ്രശ്നങ്ങൾ അതീവ ഗൗരവമായാണ് കാണുന്നത്. ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചുനിന്നാൽ വീടില്ലാത്ത എല്ലാവർക്കും വീട് നൽകാൻ സാധിക്കും. അത്തരത്തിലുള്ള ഒരു പരിപാടി ഹൗസിംഗ് ബോർഡും പഞ്ചായത്തും മറ്റ് ഏജൻസികളും കൂടി ചേർന്ന് നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. സാമ്പത്തിക ഞെരുക്കം മാറുമ്പോൾ ഇന്നുള്ളതിനേക്കാൾ കൂടുതൽ പണം അതിനായി വകയിരുത്തും. തീരെ പാവപ്പെട്ടവർക്ക് മുഴുവനും സബ്സിഡിയും ബാക്കിയുള്ള വിഭാഗത്തിന് പകുതി സബ്സിഡിയും പകുതി ലോണുമായി ട്ടാണ് തുക നൽകുന്നത്. ഈ വർഷം അത് പഞ്ചായത്തുകൾ മുൻകൈയെടുത്ത് നടത്തണം. കേരളത്തിലെ പ്രവാസികൾക്കുവേണ്ടി ഒരു സോഷ്യൽ സെക്യൂരിറ്റി സ്കീം നടപ്പിലാക്കുന്നതാണ്. നോർക്കയ്ക്ക് ഹെഡ്ക്വാർട്ടേഴ്സ് പണിയുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള നിലപാടുണ്ട്. പ്രതിഭാ കൗൺസിലിൽ രണ്ടുമൂന്നു സ്കീമുകളുണ്ട്. അതിൽ ഒരു സ്കീം, വിദേശ മലയാളികളുടെ പുതിയ തലമുറയ്ക്ക് മലയാളി സംസ്ക്കാരവും മലയാള ഭാഷയും പരിചയപ്പെടുത്തുന്നതിനു വേണ്ടിയുള്ളതാണ്. യൂത്ത് വെൽഫെയർ ബോർഡിനുവേണ്ടിയും പണം നീക്കിവച്ചിട്ടുണ്ട്. അതിനുപുറമെ പഞ്ചായത്ത് തലത്തിലേയ്ക്ക് ബോർഡിന്റെ പ്രവർത്തനം നീക്കുന്നതിനു വേണ്ടി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എൻ.ആർ.ഇ.ജി.പി. അടക്കമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഈ വർഷം യുവജനങ്ങൾ ഇടപെടണം. ഓൺ ലൈൻ ലോട്ടറി കേരളത്തിൽ ആരംഭിച്ചത് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്താണ്. അതാണ് ഇപ്പോൾ ജനജീവിതത്തെയാകെ തകർക്കുന്ന

രീതിയിൽ പടർന്നുപന്തലിച്ചത്. ഓൺ ലൈൻ ലോട്ടറിയുടെ പേരിൽ ഉണ്ടായ പ്രശ്നങ്ങളിൽ യുഡി.എഫ്. ഗവണ്മെന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. യു.ഡി.എഫ്. ഗവണ്മെന്റ് കൊടുത്ത അഫിഡവിറ്റ് മാറ്റുന്നതിന് ഇപ്പോഴും സാധിച്ചിട്ടില്ല, . യു.ഡി.എഫ്.ഗവൺമെന്റിന്റെ ചെയ്തികളെക്കുറിച്ച് അന്വേഷിക്കണമെന്നാണ് സി.ബി.ഐ. പറഞ്ഞിരിക്കുന്നത്. അൺകണ്ടിഷണലായിട്ട് ടാക്സിനെക്കുറിച്ചോ വേറെ എന്തിനെയെങ്കിലും കുറിച്ചോ സി.ബി.ഐ. എൻക്വയറി നടത്തിക്കൊള്ളൂ എന്നാണ് സർക്കാർ പറഞ്ഞിട്ടുള്ളത്. നല്ല വക്കീലന്മാരെ വയ്ക്കാത്തതുകൊണ്ടാണ് കേസ് തോറ്റുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഫിഡവിറ്റ് കൊടുക്കുന്നതിന് ഡൽഹിയിൽ ഹാജരായതിന്റെ പൈസപോലും വക്കീലിന് കൊടുത്തിട്ടില്ല എന്നാണ് അറിയുന്നത്. കേരളത്തിനുവേണ്ടി കേസ് വാദിക്കാൻ കോടതിയിൽ ഹാജരാവുകയില്ലെന്ന സമീപനമാണ് അവർ സ്വീകരിച്ചത്. ഒടുവിൽ ശ്രീ. അശോകൻ എന്ന വക്കീൽ ഹാജരായപ്പോഴാണ് തുടർച്ചയായ പരാജയം മാറിയിട്ട് ആദ്യമായി കോടതി ഭൂട്ടാൻ ലോട്ടറിക്കെതിരെ നടപടിയെടുക്കാം എന്ന് പറഞ്ഞത്. അതേസമയം സിക്കിമിനെതിരെ നടപടിയെടുക്കാൻ പാടില്ലെന്നു പറഞ്ഞു. തുടർന്നു അപ്പീലിനുപോയി. എന്നാൽ സെക്ഷൻ (4)-ന്റെ വയലേഷന്റെ അടിസ്ഥാനത്തിൽ കേരള ഗവണ്മെന്റിന് രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിനോ നടപടിയെടുക്കുന്നതിനോ അവകാശമില്ലെന്നാണ് ഇന്ത്യാഗവണ്മെന്റിനുവേണ്ടി ഹൈക്കോടതിയിൽ വാദിച്ചത്. ഇനി മൂന്നംഗ ബെഞ്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്താൽ അഫിഡവിറ്റ് അടക്കമുള്ള റിവ്യൂ പെറ്റീഷൻ കൊടുക്കാം. മൂന്നംഗ ബഞ്ച് ഇതുവരെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടില്ല. കോൺസ്റ്റിറ്റ്യൂട്ട് ചെയ്താൽ റിവ്യൂ പെറ്റീഷൻ

കൊടുക്കുകയും ഈ അഫിഡവിറ്റ് പിൻവലിക്കുകയും ചെയ്യും. ഒരു ലോട്ടറി മാഫിയയ്ക്കുവേണ്ടി കഴിഞ്ഞ 5 വർഷക്കാലം കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് എന്തൊക്കെയാണ് ചെയ്തതെന്ന് പരിശോധിക്കണം. ലോട്ടറി ക്കേസ് നടത്തുന്നതിനുവേണ്ടി ഇപ്പോൾ പാനൽ ഉണ്ടാക്കിയിട്ടുണ്ട്. ഹൈക്കോടതിയിലും ഇവർ തന്നെയാണ് കേസ് വാദിക്കാൻ പോകുന്നത്. അവിടെ കേസ് തോറ്റാൽ അതിനുമുകളിലുള്ള കോടതിയിൽ പോകും. ഇവിടെ വോട്ട് ഓൺ അക്കൗണ്ടിനെ സംബന്ധിച്ച് നടന്ന ചർച്ചയിൽ ചില മേഖലകൾക്ക് അനുവദിച്ച പണം പോരായെന്നും കൂടുതൽ വേണ മെന്നുമുള്ള ആവശ്യം ഉണ്ടായി. ഉള്ള പണംകൊണ്ട് കാര്യങ്ങൾ നടത്തി ക്കൊണ്ടുപോകാൻ സാധിക്കുമെന്നാണ് വിശ്വാസം. ഈ ധനകാര്യവർഷ ത്തിന്റെ അവസാനത്തോടുകൂടി ഇന്നത്തെ സാമ്പത്തിക ഞെരുക്കത്തിൽ നിന്ന് പുറത്തുകടക്കാൻ കഴിയും. അംഗങ്ങൾ ഇവിടെ പ്രകടിപ്പിച്ച വികാരങ്ങൾ കണക്കിലെടുക്കുന്നു. ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് അനുസൃതമായിട്ട് ഈ പറഞ്ഞ കാര്യങ്ങൾ മനസ്സിൽവച്ചുകൊണ്ട്, പോരായ്മ കൾ നികത്തുന്നതിന് പരിശ്രമിക്കും. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തര ണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ് : സംസ്ഥാനത്ത് കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും കുടിക്കാനില്ലാത്തവിധം പാൽക്ഷാമം രൂക്ഷ മായിരിക്കുകയാണ്. സംസ്ഥാനത്ത് 6 ലക്ഷം കറവപ്പശുക്കളാണുള്ളത്. ഒരു കിലോ കാലിത്തീറ്റയും ചോളത്തട്ടും കൊടുത്താൽ ഒരു പശുവിൽ നിന്നും ഒരു ദിവസം രണ്ടര ലിറ്റർ പാൽ കൂടുതൽ കിട്ടും. കാലിത്തീറ്റയുടെ വർദ്ധിപ്പിച്ച വില കുറയ്ക്കുകയും എറണാകുളം, തിരുവനന്തപുരം എന്നിവി

ടങ്ങളിലെ മിൽക്ക് യൂണിയനുകൾക്ക് ഈ വരൾച്ചാകാലത്ത് ഒരു രൂപ ഇൻസെന്റീവ് കൊടുക്കുകയും ചോളത്തട്ട് കൊണ്ടുവരികയും വേണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ബഹുമാനപ്പെട്ട പി.ജെ. ജോസഫ് രാവിലെ മുതൽ പ്രകടിപ്പിച്ച വികാരം അനുഭാവപൂർവ്വം പരിശോധിച്ച് ഗവണ്മെന്റ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം 31 നെതിരെ 82 വോട്ടുകളോടെ സഭ അംഗീകരിച്ചു; ഗ്രാന്റ് അനുവദിച്ചു.

സഭ വൈകുന്നേരം 4.15-ന് പിരിഞ്ഞു.

* * * * * * * * *